
# ശ്രീശങ്കര സാരസ്വത സർവസ്വം

## വ്യാഖ്യാനസഹിതം

ലഘുപരിചയം

आर्षविद्याप्रतिष्ठानम्





മുഖ്യമാർഗനിർദ്ദേശം

**സ്വാമി ഹരിബ്രഹ്മേന്ദ്രാനന്ദ**

(ആചാര്യൻ, ആദിശങ്കരബ്രഹ്മവിദ്യാപീഠം, ഉത്തരകാശി, ഹിമാലയം)

സംയോജനം

ആർഷവിദ്യാപ്രതിഷ്ഠാനം

തിരുവനന്തപുരം - 695122

gramam vjmd 0472 2871434



“ഭാരതം എന്നും നിലനിൽക്കേണ്ടതുണ്ട്. ഈശ്വരൻ വീണ്ടും അവതരിച്ചു. ധർമഗ്ലാനി ഭവിക്കുമ്പോൾ വീണ്ടും വരുമെന്ന് പ്രഖ്യാപിച്ച ഭഗവാൻ വീണ്ടും വന്നു. ഇത്തവണ ആവിർഭാവം ദക്ഷിണദിക്കിലാണ്. പതിനാറു വയസ്സിനുള്ളിൽ തന്റെ സകലകൃതികളും നിർമ്മിച്ചുകഴിഞ്ഞുവെന്നു പറയപ്പെടുന്ന ആ അത്ഭുത ബാലനായ ശങ്കരാചാര്യർ ആവിർഭവിച്ചു. ഈ പതിനാറുവയസ്സുള്ള കുട്ടിയുടെ കൃതികൾ ആധുനികലോകത്തിന് അത്ഭുതങ്ങളാണ്. ആ ബാലനും ഒരു അത്ഭുതം തന്നെ. ഭാരതത്തെ അതിന്റെ പരിശുദ്ധിയിലേക്ക് കൊണ്ടുവരാൻ ആ ബാലൻ ആഗ്രഹിച്ചു. അന്നുമുതൽ ഇന്നുവരെ ഭാരതത്തിന്റെ ശ്രമം മുഴുവൻ ബുദ്ധമതം വരുത്തിവെച്ച അധഃപതനത്തിൽനിന്നു മുക്തമാകുവാനുള്ള ശ്രമമായിരുന്നു. വേദാന്തത്തിന്റെയും ബുദ്ധമതത്തിന്റെയും യഥാർത്ഥസാരം ഭിന്നമല്ലെന്ന് അദ്ദേഹം സ്ഥാപിച്ചു. (ബുദ്ധ) ശിഷ്യന്മാർ (അവരുടെ) ഗുരുവിനെ മനസ്സിലാക്കിയില്ല. അവർ സ്വയം അധഃപതിച്ചു. ഈശ്വരന്റെയും ആത്മാവിന്റെയും സത്തയെ നിഷേധിച്ചു; അങ്ങനെ നിരീശ്വരരായി. ശ്രീശങ്കരൻ ഈ വസ്തുത എടുത്തുകാട്ടി. ബൗദ്ധന്മാരെല്ലാം ആദിധർമ്മത്തിലേക്കു തിരിച്ചുവരുവാൻ തുടങ്ങി.

–സ്വാമി വിവേകാനന്ദൻ

(ഭാരത മാമുനിമാർ എന്ന പ്രഭാഷണത്തിൽനിന്ന്)



# ആർഷവിദ്യാപ്രതിഷ്ഠാനം

## 'ശങ്കര ദേശിക മേ ശരണം'

ഭാരതത്തിന്റെ അടിസ്ഥാനം ആദ്ധ്യാത്മികതയിലാണ്. ലോകത്തിനു മുഴുവൻ വെളിച്ചം വീശിക്കൊണ്ട് നമ്മുടെ അതിപുരാതനമായ അദ്വൈതവേദാന്ത ദർശനം നിത്യനൂതനമായി നിലകൊള്ളുന്നു. നാം നിത്യവും സ്മരിക്കുന്ന ആദിനാരായണനിൽ തുടങ്ങുന്ന ഗുരുപരമ്പരയിൽ കലിയുഗത്തിലെ യുഗാചാര്യപദവിയിൽ വിരാജിക്കുന്ന മഹാമനീഷിയായ ശ്രീശങ്കരഭഗവത്പാദരാണ് ഇതിന്റെ പുനഃസ്ഥാപകൻ. എന്നാൽ അദ്ദേഹത്തിന്റെ കൃതികൾ സമ്പൂർണമായി വ്യാഖ്യാനത്തോടെ ഒരുഭാഷയിലും നാളിതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല എന്നത് ദുഃഖസത്യമായി നിലകൊള്ളുന്നു.

പല മഹാത്മാക്കളും പലപ്പോഴായി ശ്രീശങ്കരകൃതികളുടെ സമാഹാരത്തിനു ശ്രമിച്ചിട്ടുണ്ടെങ്കിലും പരിപൂർണവിജയത്തിലെത്തുകയുണ്ടായില്ല. സാധാരണ ജനങ്ങളുടെയിടയിൽ അധികം പ്രചാരമില്ലാത്തഗ്രന്ഥങ്ങളായതിനാലും പ്രസാധനത്തിന് വളരെ വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നതിനാലും പ്രമുഖ പ്രസാധകരാരും ഇത്തരം ശ്രമങ്ങൾക്ക് വേണ്ട പ്രോത്സാഹനം നല്കുകയുമുണ്ടായില്ല.

ഈയവസരത്തിലാണ് ഒരു നിയോഗംപോലെ വിശ്വവിശ്രുതനായ ജഗദ്ഗുരു ശ്രീശങ്കരഭഗവത്പാദപദ്മങ്ങളിലൊരു പുഷ്പാർച്ചനയായി ഞങ്ങളീ ദൗത്യം ഏറ്റെടുത്തത്. ശ്രീശങ്കരഭഗവത്പാദരുടെ സമ്പൂർണകൃതികൾ മലയാളത്തിൽ വ്യാഖ്യാനത്തോടെ പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തിൽ കഴിഞ്ഞ ഏഴുവർഷത്തിലധികമായി പ്രവർത്തിച്ചുവരുന്നു. ഇതിനുവേണ്ട മാർഗനിർദ്ദേശം നല്കുന്നത് ഹിമാലയത്തിലെ ഉത്തരകാശി ആദിശങ്കര ബ്രഹ്മവിദ്യാപീഠത്തിന്റെ ആചാര്യൻ **സ്വാമി ഹരിബ്രഹ്മേന്ദ്രാനന്ദ**യും മറ്റ് ആചാര്യശ്രേഷ്ഠരുമാണ്. ഇതിന്റെ തുടർപ്രവർത്തനമായി ശ്രീശങ്കരഭഗവത്പാദരുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ചർച്ചകൾക്കുമാത്രമായി **ശ്രീശങ്കരീയം** എന്ന മാസികയുടെ പ്രകാശനത്തിനുവേണ്ട പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞതായും ഈ സന്ദർഭത്തിൽ അറിയിക്കുന്നു.



**മുഖ്യമാർഗനിർദേശം**

- സ്വാമി ഹരിബ്രഹ്മേന്ദ്രാനന്ദ

**ഉപദേശകസമിതി**

- സ്വാമി പരമാനന്ദഭാരതി
- സ്വാമി സ്വപ്രഭാനന്ദ
- സ്വാമി ചിദാനന്ദപുരി
- സ്വാമി നിർമ്മലാനന്ദഗിരി
- സ്വാമി പ്രജ്ഞാനാനന്ദതീർത്ഥപാദർ
- ശ്രീ.അക്കിത്തം അച്യുതൻനമ്പൂതിരി
- പ്രൊഫ.ആർ.വാസുദേവൻപോറ്റി
- പ്രൊഫ.എസ്.ഭാസ്കരൻനായർ
- ഡോ.ബി.സി.ബാലകൃഷ്ണൻ
- പ്രൊഫ.ജി.ഗംഗാധരൻനായർ
- ശ്രീ.എൽ.ഗിരീഷ്കുമാർ

**കോൺട്രിബ്യൂട്ടിങ് എഡിറ്റർ**

- സ്വാമി ചിദാനന്ദസരസ്വതി
- സ്വാമി കരുണാസാഗർ
- സ്വാമി അനപേക്ഷാനന്ദ
- സ്വാമി തത്ത്വരൂപാനന്ദസരസ്വതി
- സ്വാമി അധ്യാത്മാനന്ദ
- സ്വാമി ബ്രഹ്മാനന്ദതീർത്ഥ
- സ്വാമി കൃഷ്ണാത്മാനന്ദസരസ്വതി
- സ്വാമിനി ശിവാനന്ദപുരി
- സ്വാമി നിത്യസ്വരൂപാനന്ദ
- സ്വാമി സ്വരൂപാനന്ദസരസ്വതി
- സ്വാമി ശാരദാനന്ദ
- സ്വാമി നിഖിലാനന്ദസരസ്വതി
- ദ്രാവിഡാചാര്യ ശ്രീ രാമകൃഷ്ണൻജി
- ഡോ.പി.കെ.മാധവൻ
- ഡോ.കെ.ടി.മാധവൻ
- പ്രൊഫ.പി.വി.വിശ്വനാഥൻനമ്പൂതിരി
- ഡോ.ടി.നാരായണൻകുട്ടി
- ഡോ.വി.രാമകൃഷ്ണഭട്ട്
- പ്രൊഫ.പി.വി.വൈദ്യനാഥൻ
- ഡോ.ചാത്തനാത്ത് അച്യുതനുണ്ണി
- വാചസ്പതി പ.നന്ദകുമാർ
- ഡോ.കെ.വി.വാസുദേവൻ
- ഡോ.എം.പി.ബാലകൃഷ്ണൻ
- ഡോ.ജി.പ്രഭ
- ഡോ.യു.ആർ.ഗിരിധരൻ
- ഡോ.കെ.കെ.സുന്ദരേശൻ
- ഡോ.എം.ജയകൃഷ്ണൻ
- ഡോ.കെ.ഉണ്ണികൃഷ്ണൻ
- ഡോ.സി.എൻ.വിജയകുമാരി
- ഡോ.കെ.എസ്.മഹേശ്വരൻ
- ഡോ.ഇ.എൻ.ഈശ്വരൻ
- ഡോ.നടേശൻ
- ഡോ.വസന്തകുമാരി
- ഡോ.ആർ.കമലകുമാരി
- ഡോ.എസ്.ശോഭന
- ഡോ.എസ്.ഗീതാമണിഅമ്മ
- ശ്രീ.ഗോപാലകൃഷ്ണവൈദികർ
- ശ്രീ.എ.കെ.ബി.നായർ
- ആചാര്യ സി.പി.നായർ
- ശ്രീ.എൻ.ആർ.പരമേശ്വരൻ
- അഡ്വ.ടി.ആർ.രാമനാഥൻ
- ശ്രീ.ഡി.പ്രകാശ്
- ശ്രീ.കെ.കെ.യതീന്ദ്രൻ
- ശ്രീ.എൻ.വെങ്കിടേശ്വരഅയ്യർ
- ശ്രീ.ജോതിസ് ശ്രീധർ
- ശ്രീ.വളവനാട് വിമൽ വിജയ്
- ശ്രീ.ഹരിഹരകൃഷ്ണൻ
- ശ്രീ.അരുൺഭാസ്കർ
- ശ്രീ.ജിതിൻ ഗോപാൽ

**സംയോജനം**

- അജയകുമാർ വി.എം.(സജി)



आदि शङ्कर ब्रह्मविद्या पीठ (पंजी)

**മാതൃപിതൃസഹസ്രേഭ്യോഽപി ഹിതൈഷിണാ**
**വേദേനോപാദിഷ്ടമ്** – *കഠഭാഷ്യം 2.4.15*

(ഒരായിരം മാതാപിതാക്കളെക്കാൾ നമ്മുടെ നന്മ ആഗ്രഹിക്കുന്ന വേദമനുശാസിക്കുന്നതാണ് ഏകാത്മജ്ഞാനം)

**നാവേദവിൻമനുതേ തം ബൃഹന്തമ്** - *തൈ.ബ്രാ.*

(ശാസ്ത്രമറിയാത്തവൻ ആ വ്യാപകതത്ത്വത്തെ ഒരിക്കലുമറിയുന്നില്ല)

അതിർത്തിദേശങ്ങളെ കടന്നാക്രമിച്ച് വിസ്താരംചെയ്യാനോ, നയതന്ത്രങ്ങളുടെ ചതുരംഗത്തിലൂടെ രാജ്യാന്തരസമ്പത്തുക്കൾ വശപ്പെടുത്താനോ ആഗ്രഹിക്കാതെ അഹിംസയുടെ ധർമ്മമോതിക്കൊണ്ട് സ്വയംപര്യാപ്തതയിൽ തൃപ്തിയടഞ്ഞ് യുഗാബ്ദങ്ങൾ നിലകൊണ്ട മഹാരാഷ്ട്രമാണ് നമ്മുടെ ഭാരതം. അതിനെന്നും ഭാരതത്തിന് അക്ഷയ്യമായ ബലംകൊടുത്തത് ഉപനിഷദ്ജ്ഞാനമത്രേ. അതായിരുന്നു ഭാരതത്തിന്റെ അജയ്യസമ്പത്ത്. അത് ഹിമാലയംപോലെ അതുല്യമാണ്, ലോകോത്തരമാണ്.

ഇന്ന് പലതരത്തിൽ നമ്മുടെ ചുറ്റും കേൾക്കുന്ന സമതാവാദം സാഹോദര്യവാദം സാമൂഹ്യപരിഷ്കരണവാദം എന്നിവയുടെയെല്ലാം അടിവേരു ചികഞ്ഞുനോക്കിയാൽ ചെന്നെത്തുന്നത് ഈ ഉപനിഷദ് അദ്വൈതദർശനത്തിലായിരിക്കും. ഉപനിഷദ്ദർശനം വസ്തുനിഷ്ഠമാണ്, വസ്തുനിഷ്ഠമായ അറിവ് ജാതിമതവിഭജനങ്ങളുടെയോ ദേശകാലഭേദങ്ങളുടെയോ കല്പിതപരിധിയിൽ നിൽക്കുന്നതല്ല. അത് അനശ്വരവും അപരിമിതവുമാണ്. ഉപായങ്ങൾ മാറുമ്പോഴും അധികാരിഭിന്നതയനുസരിച്ച് അതിന്റെ പ്രാപ്തിഫലങ്ങൾ മാറുമെങ്കിലും, അതൊരിക്കലും വ്യക്തിനിഷ്ഠമായി വ്യാഖ്യാനിക്കപ്പെടാവുന്നതല്ല.

ഈ യുഗത്തിൽ ആ ഉപനിഷദ്ജ്ഞാനത്തിന്റെ പുനഃപ്രസാരണത്തിന് ആവിർഭവിച്ച ഭാരതത്തിന്റെ ഓമനസന്തതികളിൽ പ്രമുഖനായിരുന്നു ശ്രീശങ്കരഭാഗവത്പാദർ. ലോകമാനവരാശിയുടെ അന്തഃസത്തയുടെ തിരിച്ചറിവിലേക്ക് പ്രകാശം പരത്തുന്ന ഈ വസ്തുനിഷ്ഠജ്ഞാനമാണ് ശ്രീശങ്കരാചാര്യർ തന്റെ രചനകളിലൂടെ നമ്മുടെ മുന്നിൽ പ്രകടിപ്പിച്ചത്. ആചാര്യരെക്കുറിച്ചു ചിന്തിക്കുമ്പോൾ നാമോർത്തിരിക്കേണ്ട ഒരു പ്രധാന വസ്തുതയാണിത്, അല്ലാതെ



കേവലം വ്യക്തിത്വത്തിന്റെ മഹിമകളിലും പരിമിതികളിലുമല്ല ആചാര്യനെപ്പോലൊരാളിനെ മനസിലാക്കേണ്ടത്. എന്നാൽ നൈരാശ്യത്തോടെതന്നെ പറയട്ടെ, ആചാര്യനെ സംബന്ധിച്ച് ഇന്നുവരെ നടന്നിട്ടുള്ള പഠന നിരൂപണ പ്രചാരണങ്ങളിലധികവും വ്യക്തിമഹത്വത്തെയധികരിച്ചായിപ്പോയി. അതിനാൽ അതിന്റെ നിശ്ചിതാനിശ്ചിതങ്ങളുടെ ഊഹാപോഹങ്ങളിലും തർക്കവിതർക്കങ്ങളുടെ ചക്രവാതത്തിലും  കുഴങ്ങിയപ്പോൾ ജ്ഞാനരൂപത്തിലുള്ള ആചാര്യരുടെ സ്വരൂപം തെറ്റിദ്ധരിക്കപ്പെട്ട് ആവിഷ്കൃതമാകാതെതന്നെ നിലകൊണ്ടു.

ഇതര നിരപേക്ഷമായ തത്ത്വജ്ഞാനത്തിന്റേയും ലോകസാധാരണമായ വ്യവഹാരത്തിന്റേയും വിഷയാധിഷ്ഠിതമായ യുക്തിവാദങ്ങളുടേയും യുക്തമായ സമന്വയം ശ്രീശങ്കരകൃതികളിൽ കാണാം. അതുകൊണ്ടുതന്നെ ആ കൃതികളുടെ അന്തരർത്ഥം അറിയാൻ, അവയെ പ്രാമാണീകരിക്കാൻ, പുരാതന താളിയോലകളെയോ പുരാവസ്തുപഠനങ്ങളെയോ തേടിപ്പോകേണ്ട ആവശ്യമില്ല. അത് നമ്മുടെ  ഓരോരുത്തരുടെയും ജീവിതത്തിലെ നിജാനുഭവങ്ങളുടെ തുറന്ന പുസ്തകത്തിൽ ശരിക്കും വായിച്ചറിയാവുന്നതേയുള്ളു. ഭക്ത്യുപാസനകളുടെയും ജ്ഞാനവിജ്ഞാനങ്ങളുടെയും പ്രവൃത്തിനിവൃത്തികളുടേയും രൂപത്തിൽ ആ കൃതികളിൽ തുറന്നുകാണിച്ചിരിക്കുന്നത് ജീവിതത്തിന്റെ വഴിയോരങ്ങളിൽ നമ്മുടെ മുന്നിൽ വരുന്ന പച്ചയായ സത്യങ്ങളാണെന്നു സാരം.

ഭാഷ്യ - പ്രകരണ -  സ്തോത്രങ്ങളുൾപ്പെടുന്ന ആചാര്യരചനകളിൽ ആർഷവിജ്ഞാനത്തിന്റെ ആഴമേറിയ ഗാംഭീര്യവും ഒരു സുകവിയുടെ ഭാവനാലാളിത്യവും, എല്ലാത്തിലുമുപരി എന്നും മാലോക നന്മയ്ക്കായി തുളുമ്പുന്ന കരുണാർദ്രഹൃദയത്തിന്റെ സ്നേഹസ്പർശവുമുണ്ട്. അവയെ വേണ്ടവണ്ണം ഉണർവോടും ഊക്കോടുമടുത്തറിഞ്ഞാൽ മതി നമ്മുടെ ജീവിതം സഫലമാകാൻ.

നൂറ്റാണ്ടുകളായി ശങ്കരാചാര്യരുടെ നാമത്തിലുള്ള വൈവിധ്യമാർന്ന കൃതികളുടെ കർതൃത്വത്തിന്റെ പ്രാമാണികതയെച്ചൊല്ലി വാദപ്രതിവാദങ്ങളും സൂക്ഷ്മപരിശോധനകളും എങ്ങുമെങ്ങും എത്താത്തനിലയിൽ തുടരുന്നു, ഇനിയും തുടരും. ഭാഷാപണ്ഡിതർക്കും ഇതിഹാസ ഗവേഷകർക്കും മറ്റും ഒരുവേള അതെല്ലാം ശോഭനവും രസകരവുമായിരിക്കും. പക്ഷേ ലോകത്തിന് ഇന്നാവശ്യം നിർണ്ണയമാകാത്ത ഒരുകൂട്ടം വാദവിവാദങ്ങളിലൂടെയുള്ള വൈദുഷ്യ വിളംബരങ്ങളല്ല, മഹത്തായ ആ തത്ത്വശാസ്ത്രത്തിന്റെ സാരം ആഴത്തിലറിഞ്ഞ് നിത്യജീവിതത്തിന്റെ കാൽവയ്പുകൾക്ക് വഴികാട്ടിയാകുംവിധം പ്രായോഗികമാക്കുകയാണ്. അത്തരത്തിലായിരിക്കണം തത്ത്വശാസ്ത്രങ്ങളെ ഇനി നാം അടുത്തറിയേണ്ടത്.



ശങ്കരാചാര്യരുടെ രചനാസമ്പത്തിനെ ജനകീയമായി വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താൻ നമുക്കു കഴിഞ്ഞില്ല, എന്നതിരിക്കട്ടെ, അവ ശുദ്ധമായ രൂപത്തിൽ പരിരക്ഷിക്കാനോ, അവയുടെ എണ്ണമെങ്കിലും നിർവിവാദം തിട്ടപ്പെടുത്തിയെടുക്കാനോ നമ്മുടെ ഗവേഷകവൃന്ദങ്ങൾക്ക് ഇന്നേവരെ കഴിയാതെ പോയത് അതുസംബന്ധിച്ച മനഃപൂർവമായ ഉദാസീനത അല്ലാതെ മറ്റെന്താണ്...?

പണ്ഡിതവർഗത്തിന്റെ ചർച്ചാവിഷയമായിമാത്രം കരുതിപ്പോന്ന ശ്രീശങ്കരകൃതികളെ ലോകോപകാരത്തിനായി പുറത്തുകൊണ്ടുവരണം. അവ എല്ലാ ലോകഭാഷകളിലും മൊഴിമാറ്റം ചെയ്യപ്പെടണം. അവയുടെ സംവാദങ്ങൾ ലോകജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾക്കുള്ള സമാധാനത്തിനായി പ്രയോജനപ്പെടുത്തണം. ഇന്ന് ഭാരതം ആഗോളസാമ്പത്തിക പരിഷ്കരണത്തിന്റെ പാതയിലൂടെ മുന്നേറിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ കൈകളിൽ ഈ ജ്ഞാനസംസ്കാരങ്ങളുടെ അക്ഷയ പാഥേയം പേറിയ പേടകം അവശ്യം ഉണ്ടാകണം. എന്നാലേ സാമ്പത്തിക സാമൂഹികവികാസംകൊണ്ട് ജീവിതലക്ഷ്യങ്ങളെ യഥാർഥത്തിൽ പ്രാപിക്കാനാകൂ. ആന്തരികമായ യഥാർഥസുഖം പ്രാപിക്കാനാകൂ. *'അറിവില്ലാത്തവന് സമ്പത്ത് അനർഥഹേതുവാകും.'* (തൈ.ഭാ.1.4.2) *'സമ്പത്തിന്റേയും സുകൃതത്തിന്റേയും ഫലമാണ് ആനന്ദം'* (തൈ.ഭാ.2.5.1) എന്നീ ഭാഷ്യവാക്യങ്ങൾ ഈ വസ്തുത വ്യക്തമാക്കുന്നു.

ഈ നിലയിലാണ് ആർഷവിദ്യാപ്രതിഷ്ഠാനം ശ്രീശങ്കരാചാര്യരുടെ പേരിലുള്ള സമ്പൂർണകൃതികളെയും വ്യാഖ്യാനത്തോടെ പ്രകാശിപ്പിക്കണമെന്ന ആ വലിയ ദൗത്യം കർത്തവ്യധീരമായി ഏറ്റെടുത്തിരിക്കുന്നത്. അതിലൂടെ പൊതുജനസമക്ഷം എക്കാലത്തുമുണ്ടായിരുന്ന ഒരു മഹദഭിലാഷമാണ് നിറവേറ്റാൻപോകുന്നത്. കൈരളിക്കുതന്നെയല്ല, വരുംകാലം മറ്റെല്ലാവർക്കും അത് വലിയൊരനുഗ്രഹമായി ഭവിക്കുമെന്നതിൽ സംശയമില്ല. സ്ഥിരോത്സാഹത്തോടെ പ്രവർത്തിച്ച് ഈ നിഃസ്വാർഥസംരംഭം യഥാകാലം പൂർണ്ണത വരിക്കട്ടെ എന്നു ഹൃദയംഗമമായി പ്രാർഥിക്കുന്നു.

**മാതേവ നോ രക്ഷതി ശാങ്കരഭാഷ്യശക്തിഃ**

(ഒരമ്മയെന്നപോലെ ശാങ്കരഭാഷ്യശക്തി നമ്മെ രക്ഷിക്കും)

സ്വാമി പരിപൂർണ്ണാനന്ദ



**കർമ ച ജ്ഞാനം ച സമ്യഗനുഷ്ഠിതം നിഷ്കാമസ്യ മുമുക്ഷോഃ സത്വശുദ്ധ്യർഥം ഭവതി.** *(കേന.ഭാ.1.1)*

ശരിക്കുമനുഷ്ഠിക്കപ്പെടുന്ന കർമവും ജ്ഞാനവും നിഷ്കാമനായ മുമുക്ഷുവിന് സത്വശുദ്ധിക്കുതകുന്നതാണ്.

---

**മുമുക്ഷുഃ ദേവാരാധനപരഃ ശ്രദ്ധാഭക്തിപരഃ പ്രണേയോഽപ്രമാദീ സ്യാദ്വിദ്യാപ്രാപ്തിം പ്രതി** *(ബൃ.ഭാ.1.4.10)*

ജ്ഞാനപ്രാപ്തി ആഗ്രഹിക്കുന്ന മുമുക്ഷു ദേവാരാധനയിൽ തത്പരനും ശ്രദ്ധാഭക്തിയുള്ളവനും വിനയാന്വിതനും കർതവ്യനിഷ്ഠനുമായിരിക്കണം.

---

**ശാസ്ത്രജ്ഞോഽപി സ്വാതന്ത്ര്യേണ ബ്രഹ്മജ്ഞാനാന്വേഷണം ന കുര്യാത്** *(മുണ്ഡക.ഭാ.1.2.12)*

ശാസ്ത്രമറിയുന്നവനാണെങ്കിലും ഗുരുസഹായമില്ലാതെ സ്വതന്ത്രബുദ്ധ്യാ ബ്രഹ്മജ്ഞാനാന്വേഷണം ചെയ്യരുത്.

---

**നഹി അഭിമാനേന വർഷശതേനാപി ശ്രുത്യർഥാ ജ്ഞാതും ശക്യതേ സർവൈഃ പണ്ഡിതംമന്യൈഃ** *(പ്ര.ഭാ.4.5)*

പണ്ഡിതമാനികൾക്ക് അവരുടെ ദുരഭിമാനംകൊണ്ട് നൂറുവർഷം ശ്രമിച്ചാലും വേദത്തിന്റെ അർഥം അറിയാൻ കഴിയുകയില്ല.

---

**ധർമസൂക്ഷ്മനിർണയേ പരിഷദ്വ്യാപാര ഇഷ്യതേ.** *(ബൃ.4.3.1)*

ധർമത്തിന്റെ സൂക്ഷ്മനിർണയം സഭകൂടി ചെയ്യേണ്ടതാണ്.

---

**തരതി ശോകമാത്മവിദ്** *(ഛാ.ഭാ.7.1.2)*

ആത്മാവിനെ അറിയുന്നവൻ ശോകത്തെ തരണം ചെയ്യുന്നു

---

**അനുഭവാവസാനം ച ബ്രഹ്മജ്ഞാനം** (ബ്ര.സൂ.2.1.4)

അനുഭവത്തിലവസാനിക്കുന്നതാണ് ബ്രഹ്മജ്ഞാനം.





## ശ്രീശങ്കരാചാര്യർ

ഭാരതത്തിന്റെ തെക്കേയറ്റത്ത് കേരളത്തിൽ പുണ്യതീർത്ഥമായ പെരിയാറിൻ തീരത്തെ കാലടിഗ്രാമത്തിൽ വിദ്യാധിരാജപുത്രനായ ശിവഗുരുവിന്റെയും ആര്യാംബയുടെയും പുത്രനായി ജനനം. ബാല്യത്തിൽത്തന്നെ സർവശാസ്ത്ര പാരംഗതനായി അമ്മയുടെ അനുഗ്രഹത്തോടെ പരിവ്രജനജീവിതമാരംഭിച്ചു. നർമദാതീരത്തിൽ ഗൗഡപാദശിഷ്യനായ ഗോവിന്ദഭഗവത്പാദരിൽ നിന്നും അദ്ധ്യാത്മവിദ്യയെ സ്വാംശീകരിച്ച് ആചാര്യനിർദേശത്താൽ കാശിയിലേക്ക് പരിവ്രജനം തുടരുകയും പ്രസ്ഥാനത്രയഭാഷ്യരചന നിർവഹിക്കുകയും ചെയ്തു. തുടർന്ന് അദ്വൈതദർശനപ്രചരണാർത്ഥം നിരവധി ഗ്രന്ഥങ്ങൾ രചിച്ച് ചുരുങ്ങിയ കാലംകൊണ്ട് ഭാരതമെമ്പാടും സഞ്ചരിച്ച് തന്റെ വാദമുഖങ്ങളവതരിപ്പിച്ചു. സർവജ്ഞപീഠം കയറി പണ്ഡിതലോകത്ത് ചിരപ്രതിഷ്ഠിതനായി. ഭാരതത്തിന്റെ ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെ സംരക്ഷണത്തിനായി ശൃംഗേരി, ദ്വാരക, ബദരി, പുരി എന്നിവിടങ്ങളിൽ നാലു മഠങ്ങൾ സ്ഥാപിച്ചു. തന്റെ ശിഷ്യപ്രമുഖരായ സുരേശ്വരൻ, ഹസ്താമലകൻ, തോടകൻ, പദ്മപാദൻ എന്നിവരെ യഥാക്രമം അവയുടെ പരിപാലനത്തിനായി നിയോഗിച്ചു.

*ദ്വാപരേ ഭഗവാൻ വ്യാസഃ കലൗ ശ്രീശങ്കരഃസ്വയം /*

ദ്വാപരയുഗത്തിലെ പ്രഥമഗണനീയനായ ആചാര്യൻ ഭഗവാൻ വ്യാസനായിരുന്നുവെങ്കിൽ കലിയുഗത്തിൽ ആ സ്ഥാനം ശ്രീശങ്കരഭഗവത്പാദർക്കാണ്.

ബാല്യത്തിലേ അത്യധികമായ ബുദ്ധിവൈഭവം പ്രദർശിപ്പിച്ചിരുന്ന ഈ അസാമാന്യപ്രതിഭയെക്കുറിച്ചൊരേകദേശരൂപം ഗ്രഹിക്കാൻ ഈ ശ്ലോകം ഉപകരിക്കും.

*അഷ്ടവർഷേ ചതുർവേദീ ദ്വാദശേ സർവശാസ്ത്രവിദ് /*
*ഷോഡശേ കൃതവാൻ ഭാഷ്യം ദ്വാത്രിംശേ മുനിരഭ്യഗാത് //*

എട്ടുവയസ്സിനുള്ളിൽ നാലുവേദങ്ങളും പഠിച്ചു. പന്ത്രണ്ടാമത്തെ വയസ്സിൽ സർവശാസ്ത്രങ്ങളും അറിയുന്നവനായി. പതിനാറാമത്തെ വയസ്സിൽ ഭാഷ്യങ്ങളെല്ലാം രചിച്ചു. മുപ്പത്തിരണ്ടാമത്തെ വയസ്സിൽ ദേഹത്യാഗവും ചെയ്തു.



## ശാങ്കരദർശനം(അദ്വൈതസിദ്ധാന്തം)

*ശ്ലോകാർധേന പ്രവക്ഷ്യാമി യദുക്തം ഗ്രന്ഥകോടിഭിഃ /*
*ബ്രഹ്മസത്യം ജഗന്മിഥ്യാ ജീവോ ബ്രഹ്മൈവ നാപരഃ //*

കോടി ഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നത് അരശ്ലോകംകൊണ്ട് പറയാം; ബ്രഹ്മം സത്യമാകുന്നു, ജഗത് മിഥ്യയത്രേ, ജീവാത്മാവ് ബ്രഹ്മം തന്നെ, മറ്റൊന്നുമല്ല.

ബ്രഹ്മം മാത്രമേ യഥാർത്ഥത്തിലുള്ളൂ. ജീവനും അചേതനപ്രപഞ്ചവുമെല്ലാം മായാകല്പിതങ്ങളായ ബ്രഹ്മവിവർത്തങ്ങളാണ്. ജീവനും ബ്രഹ്മവും ഒന്നാണെന്നുള്ള ജ്ഞാനമുദിക്കുമ്പോൾ മായയകന്ന് മുക്തി ലഭിക്കും. കണ്ണിന്റെ കാഴ്ചക്കുറവുനിമിത്തം ചിലർ കയറുകണ്ട് പാമ്പാണെന്നുതെറ്റിദ്ധരിക്കുന്നു. വെളിച്ചത്ത് നോക്കുമ്പോൾ കയറാണ് കാണുന്നത്. പാമ്പില്ലാതാകുന്നു. ഇതുപോലെയാണ് ബ്രഹ്മജ്ഞാനമുദിക്കുമ്പോൾ മായയകന്ന് ജഗത്തില്ലാതാകുന്നത്. അതിനാൽ ബ്രഹ്മം മാത്രം സത്യം, ജഗത്ത് മിഥ്യ എന്നതാണ് അദ്വൈതസിദ്ധാന്തം.

ശുദ്ധമായ അന്തഃകരണത്തിലല്ലാതെ ജ്ഞാനം ഉദിക്കില്ല. ജ്ഞാനമല്ലാതെ കൈവല്യപ്രാപ്തിക്ക് മറ്റൊരുമാർഗവുമില്ല. അദ്വൈതിക്ക് വസ്തു ഒന്നേയുള്ളൂ; ആത്മാവെന്നോ പരമാത്മാവെന്നോ ബ്രഹ്മമെന്നോ പേരെന്തു പറഞ്ഞാലും സത്ത് ഒന്നു മാത്രം. മനുഷ്യന് പരിമിതമായ ഒന്നുകൊണ്ടും തൃപ്തിവരുന്നില്ല. അവൻ അപരിമിതമായ പൂർണത്തെ തേടുന്നു. പൂർണം ഒന്നേയുള്ളൂ. ഈ അദ്വൈത ദർശനം കേവലം മേധാകല്പനയല്ല; ആപ്തന്മാരുടെ അനുഭൂതിയാണ്. അദ്വൈതം സ്വാനുഭവമാണ്; ചിന്താസന്താനമല്ല. വേദാന്തം ആ അനുഭൂതിയുടെ പ്രതിപാദനമാണ്. ഇതാണ് ശാങ്കരദർശനസാരം.

## ശ്രീശങ്കരകൃതികൾ

ശ്രീശങ്കരകൃതികളിൽ കർതൃത്വത്തെക്കുറിച്ച് അനേകം വാദങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ഈ സമാഹാരത്തിലേയ്ക്ക് ശ്രീരംഗം വാണീവിലാസം 1910ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളെ പൂർണമായും, ശങ്കരകൃതമെന്ന് പ്രചരിക്കുന്നവയിൽ പ്രാഥമിക പരിശോധനയ്ക്കുശേഷം ലഭ്യമായവയുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രസ്ഥാനത്രയഭാഷ്യം, മറ്റുപനിഷദ്ഭാഷ്യങ്ങൾ, ലഘുഭാഷ്യങ്ങൾ, ഭാഷ്യവിവരണം, ടീക, വേദാന്തസ്തോത്രങ്ങൾ, പ്രകരണപ്രബന്ധങ്ങൾ, ഉപദേശരചനകൾ, അനുശാസനരചനകൾ, തന്ത്ര-മന്ത്രശാസ്ത്ര കൃതികൾ, സ്തോത്രങ്ങൾ (ശിവൻ, ദേവി, വിഷ്ണു, മറ്റുദേവതകൾ, നദികൾ, തീർത്ഥം) തുടങ്ങിയ രീതിയിലാണ് സമാഹരണത്തിന്റെ സൗകര്യത്തിനായി ഇവയെ വർഗീകരിച്ചിരിക്കുന്നത്.



## ഭാഷ്യങ്ങൾ

*സൂത്രാർഥോ വർണ്യതേ യത്ര പദൈഃ സൂത്രാനുസാരിഭിഃ /*
*സ്വപദാനി ച വർണ്യന്തേ ഭാഷ്യം ഭാഷ്യവിദോ വിദുഃ //*

സൂത്രത്തിന് അനുയോജ്യമായ വാക്യങ്ങളെക്കൊണ്ട് സൂത്രാർഥത്തെ വർണിക്കുകയും സ്വപദങ്ങളെ വിശദീകരിക്കുകയും ചെയ്യുന്നതിനെയാണ് ഭാഷ്യം എന്നുപറയുന്നത്.

ഭാഷ്യങ്ങൾ അനേകമുണ്ടെങ്കിലും 'ഭാഷ്യങ്ങൾ' എന്നുമാത്രം പറയുമ്പോൾ സ്മരിക്കപ്പെടുന്നത് മൂന്നെണ്ണമാണ്. പാണിനീയസൂത്രങ്ങൾക്കുള്ള പാതഞ്ജല ഭാഷ്യം, ജൈമിനിയുടെ പൂർവമീമാംസയ്ക്കുള്ള ശാബരഭാഷ്യം, പ്രസ്ഥാനത്രയത്തിന്റെ ശാങ്കരഭാഷ്യം എന്നിവയാണവ.

## പ്രസ്ഥാനത്രയ ഭാഷ്യം

ശ്രുതിപ്രസ്ഥാനത്തിൽപ്പെടുന്ന ഉപനിഷത്തുകൾ, ന്യായപ്രസ്ഥാനത്തിൽ വരുന്ന ബ്രഹ്മസൂത്രം, സ്മൃതിപ്രസ്ഥാനത്തിലെ ഭഗവദ്ഗീത ഇവയെയാണ് പ്രസ്ഥാനത്രയമെന്നു വ്യവഹരിക്കുന്നത്. ഇവയിലെ ജ്ഞാനരത്നങ്ങൾ കൃതകൃത്യങ്ങളായത് ശ്രീശങ്കരഭഗവത്പാദരിലൂടെയാണ്. സൂക്ഷ്മദൃക്കുകൾക്കു മാത്രമേ അവയുടെ പ്രകാശം കാണാനും വിലയിരുത്തുവാനും കഴിഞ്ഞിരുന്നുള്ളു. ആ അമൂല്യരത്നങ്ങൾ തേടിയെടുത്ത് മനോഹരമായി അടുക്കിയെടുക്കുകയാണ് പ്രസ്ഥാനത്രയത്തിന്റെ പ്രസന്നഗംഭീരങ്ങളായ ഭാഷ്യങ്ങളിലൂടെ ആചാര്യർ നിർവ്വഹിച്ചത്. മോക്ഷപ്രാപ്തിക്ക് ജ്ഞാനമല്ലാതെ മറ്റുപായങ്ങൾ ഒന്നും തന്നെയില്ലെന്ന് ശങ്കയ്ക്ക് പഴുതില്ലാത്തവണ്ണം ആചാര്യപാദർ പ്രസ്ഥാനത്രയത്തിൽ സമർത്ഥിച്ചിരിക്കുന്നു.

## ഉപനിഷദ്ഭാഷ്യം

സ്വതഃപ്രാമാണ്യമുള്ള ഉപനിഷത്തുകൾക്കാണ് പ്രസ്ഥാനത്രയത്തിൽ ഏറെ പ്രാധാന്യമുള്ളത് . ഇതിന് ശ്രുതിപ്രസ്ഥാനമെന്നും പറയുന്നു. വേദമാണ് ഭാരതീയരുടെ സകലവിജ്ഞാനങ്ങളുടേയും ഉദ്ഭവസ്ഥാനം. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം തുടങ്ങി ഓരോന്നിനും അനേകം ശാഖകളുണ്ട്. നാലിനും കൂടി ആയിരത്തിഒരുന്നൂറ്റിയെൺപത് ശാഖകളാണുള്ളതെന്നു മുക്തികോപനിഷത്ത് പ്രഖ്യാപിക്കുന്നു. എല്ലാവേദശാഖകളുടേയും അറ്റത്ത് ഓരോ ജ്ഞാനക്കനിയുണ്ട്. അവയാണ് ഉപനിഷത്തുകൾ. വേദങ്ങളുടെ അവസാനം (അന്തം) ആയതുകൊണ്ട് ഉപനിഷത്തുകളെ വേദാന്തങ്ങളെന്നുപറയുന്നു. ഓരോ വേദശാഖയ്ക്കും ഓരോ ഉപനിഷത്ത് എന്നതാണ് കണക്ക്. ഋഗ്വേദത്തിന്



ഇരുപത്തൊന്നും, യജുസ്സിന് നൂറ്റിയൊൻപതും സാമത്തിന് ആയിരവും അഥർവത്തിന് അമ്പതും ശാഖകളാണുള്ളത്.

മുക്തികോപനിഷത്തിൽ ശ്രീഹനുമാനോടുള്ള ശ്രീരാമചന്ദ്രന്റെ ഉപദേശത്തിൽ നൂറ്റിയെട്ട് ഉപനിഷത്തുകളുടെ പേരുകൾ എടുത്ത് പറയുന്നുണ്ടെങ്കിലും, കൈവല്യപ്രാപ്തിക്ക് മാണ്ഡൂക്യം തന്നെ ധാരാളമാകുമെന്നും ഉപദേശിക്കുന്നു. അതും മതിയാകാതെ (മനസ്സിലാകാതെ) വരുമ്പോൾ മാത്രമാണ് ദശോപനിഷത്തിന്റെ പഠനം നിർവഹിക്കേണ്ടിവരുന്നത്. ഈശം, കേനം, കഠം, പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം, തൈത്തിരീയം, ഐതരേയം, ഛാന്ദോഗ്യം, ബൃഹദാരണ്യകം എന്നിവയാണ് ദശോപനിഷത്തുകൾ. ഈ ഉപനിഷത്തുകൾക്കാണ് പ്രശസ്തിയിൽ അഗ്രിമസ്ഥാനമുള്ളത്. ഇവയെ ശ്രീശങ്കരൻ പ്രൗഢഗംഭീരമായ ഭാഷ്യങ്ങളാൽ ലോകോപകാരാർത്ഥം വെളിച്ചത്തേയ്ക്ക് ആനയിച്ചു.

ബ്രഹ്മചര്യത്തിൽ - വിദ്യാർഥി ജീവിതത്തിൽ - വേദം പഠിച്ച് ഗൃഹസ്ഥജീവിതത്തിൽ യജ്ഞങ്ങൾ ചെയ്ത് കുടുംബഭാരം പുത്രനെയേല്പിച്ച് വാനപ്രസ്ഥാശ്രമത്തിൽ ഈശ്വരോപാസന ചെയ്തു ജീവിച്ച് സന്ന്യാസവൃത്തി സ്വീകരിച്ച് ഉപനിഷദർത്ഥം ചിന്തിച്ച് ശാന്തി നേടുക എന്നതാണ് നമ്മുടെ പൂർവികരുടെ ജീവിതക്രമം.

## ബ്രഹ്മസൂത്രശാങ്കരഭാഷ്യം

ഭാരതീയദർശനങ്ങളിൽ ഉത്കൃഷ്ടസ്ഥാനമലങ്കരിക്കുന്ന ഉത്തരമീമാംസയ്ക്ക് ആധാരമായിട്ടുള്ളത് ബാദരായണമഹർഷിയാൽ രചിക്കപ്പെട്ട ബ്രഹ്മസൂത്രങ്ങളാണ്. ന്യായപ്രസ്ഥാനമെന്നുപറയുന്ന ബ്രഹ്മസൂത്രം സമഗ്രമായ ഒരു ബ്രഹ്മവിചാരശാസ്ത്രമാണ്. ആകെ നാലധ്യായങ്ങളിലെ (4 X4) പതിനാറു പാദങ്ങളിലായി നൂറ്റിതൊണ്ണൂറ്റിയൊന്ന് അധികരണങ്ങളിലൂടെ അഞ്ഞൂറ്റമ്പത്തിയഞ്ചു സൂത്രങ്ങളാണ് ബ്രഹ്മസൂത്രത്തിലുള്ളത്.

സമന്വയാധ്യായമെന്ന ഒന്നാമധ്യായത്തിൽ വേദാന്തവാക്യങ്ങളെല്ലാം ഏകബ്രഹ്മത്തിൽ സമന്വയിച്ചുകാണിക്കുന്നു. അവിരോധാധ്യായമെന്നതാണ് രണ്ടാമധ്യായം. വേദാന്തമതത്തിൽ യഥാശ്രുതമായിതോന്നുന്ന പലവക വൈരുധ്യങ്ങളെയും ഇതരവാദികളുടെ വൈരുധ്യവാദങ്ങളെയും സയുക്തികം പരിഹരിക്കുക എന്നുള്ളതാണ് ഇതിലെ വിഷയം. വേദാന്തത്തിലെ സാധനാസാധ്യങ്ങളെ സമന്വയിപ്പിച്ച് പ്രതിപാദിക്കുന്നതാണ് സാധനാധ്യായമെന്ന മൂന്നാമധ്യായം. മുക്തിരൂപമായ ഫലത്തെ സംബന്ധിക്കുന്ന പല സംഗതികളും വിവരിക്കുന്ന ഫലാധ്യായമാണ് നാലാമത്തേത്.



സൂത്രങ്ങളെല്ലാം മനഃപാഠമാക്കിവെയ്ക്കുവാൻ പാകത്തിൽ ചുരുക്കം പദങ്ങളെക്കൊണ്ട് നിർമ്മിച്ചവയാണ്. വ്യാഖ്യാനം കൂടാതെ ഒരു സൂത്രത്തിന്റേയും അർത്ഥം ശരിക്കുമനസ്സിലാവുകയില്ല. ഓരോ സൂത്രവും കേവലം സൂചന മാത്രമേ നൽകുന്നുള്ളൂ. സൂത്രതാത്പര്യം ശരിയാംവണ്ണം മനസ്സിലാക്കാൻ ഭാഷ്യ വ്യാഖ്യാനാദികൾ മാത്രമാണ് ശരണം. ബ്രഹ്മസൂത്രത്തിന് അനേകം ഭാഷ്യങ്ങളും വ്യാഖ്യാനങ്ങളുമുണ്ടായിട്ടുണ്ട്. ഇന്ന് കിട്ടിയിട്ടുള്ളവയിൽ പ്രധാനമായി പറയപ്പെടുന്ന ഭാഷ്യങ്ങളിൽ ഏറ്റവും പഴക്കം ചെന്നതാണ് ശ്രീശങ്കരകൃതമായ ശാരീരക മീമാംസാഭാഷ്യം.

## ഭഗവദ്ഗീതാഭാഷ്യം

പ്രസ്ഥാനത്രയത്തിൽ ഭഗവദ്ഗീത സ്മൃതിപ്രസ്ഥാനമാണെങ്കിൽ പോലും '*സമസ്തവേദാർഥസാരസംഗ്രഹഭൂതം*' എന്ന ബഹുമതി കല്പിച്ചുകൊണ്ടാണ് ആചാര്യൻ അതിന് ഭാഷ്യം ചമച്ചത്.

മോക്ഷലബ്ധിക്ക് കേവലം രണ്ടുമാർഗങ്ങളേയുള്ളൂ എന്ന പ്രസ്താവത്തോടെയാണ് ആചാര്യൻ ഗീതാഭാഷ്യം ആരംഭിക്കുന്നത്. '*ദ്വിവിധോ ഹി വേദോക്തോ ധർമഃ, പ്രവൃത്തിലക്ഷണോ നിവൃത്തിലക്ഷണശ്ച*' (ഉപോദ്ഘാതം) (വേദം അനുശാസിക്കുന്ന രണ്ടുധർമങ്ങൾ പ്രവൃത്തിധർമവും നിവൃത്തിധർമവുമാണ്).

പ്രാചീനഗ്രന്ഥങ്ങളിൽ ഉപനിഷത്തുകളൊഴിച്ചാൽ ഭഗവദ്ഗീതയോളം മാഹാത്മ്യമുള്ള അന്യഗ്രന്ഥമില്ലെന്നുതന്നെ പറയാം. സകലജാതിധർമങ്ങളും പുരുഷാർത്ഥങ്ങളും ഈ ചെറിയ ഗ്രന്ഥത്തിൽ സംക്ഷേപമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അന്യോന്യവിരുദ്ധങ്ങളായി തോന്നപ്പെടുന്ന സാംഖ്യം, യോഗം, ഭക്തി മുതലായ സിദ്ധാന്തങ്ങൾ ഇതിൽ അതിഭംഗിയായി യോജിപ്പിച്ചിരിക്കുന്നു. വിശേഷിച്ച് സകലർക്കും ഉതകുന്നതായും രുചിക്കത്തക്കതായുമുള്ള സാധനാ വിഷയങ്ങൾ ഗീതാശാസ്ത്രത്തിൽ അടങ്ങിയിരിക്കുന്നു. അത് ഈ ഗ്രന്ഥത്തിനുള്ള ഒരു പ്രത്യേക മാഹാത്മ്യമാകുന്നു. ബാല്യാവസ്ഥയിലിരിക്കുന്ന ജിജ്ഞാസുവിന് ഇത് അതികഠിനമോ, അല്ലെങ്കിൽ ഏറ്റവുമുന്നതസ്ഥിതിയിലിരിക്കുന്ന തത്ത്വജ്ഞാനിക്ക് വക പോരാത്തതോ ആകുന്നില്ല. ഒരുവന്റെ അന്തഃകരണം എത്രത്തോളം വികാസത്തെ പ്രാപിച്ചിരിക്കുന്നുവോ എത്രത്തോളം ശുദ്ധമായിരിക്കുന്നുവോ, അതിനനുസരിച്ചുള്ള പാഠം ഗീതാശാസ്ത്രം അവനെ പഠിപ്പിക്കുന്നു.

സർവവേദാർത്ഥങ്ങളുടെയും സാരമായ ഈ ഗീതാശാസ്ത്രം വ്യാഖ്യാനമില്ലാതെ മനസ്സിലാക്കാൻ വളരെ പ്രയാസമാണ്. അതിലെ സാരോപദേശങ്ങളെ വിശദമാക്കുന്നതിന് അനേകം വ്യാഖ്യാതാക്കൾ പദംപ്രതി വ്യാഖ്യാനിച്ചു പരിശോ



ധിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം ലൗകികന്മാരെ അന്യോന്യവിരുദ്ധങ്ങളായ അർത്ഥങ്ങളെ പഠിപ്പിക്കുന്നവയായും, അനേകാർത്ഥങ്ങളോടുകൂടിയവയായും കാണപ്പെടുന്നു. ഇവിടെയാണ് നമ്മെ ശരിയായ ദിശയിലേക്ക് നയിക്കാൻ പര്യാപ്തമായ ശ്രീശങ്കരഭാഷ്യം പ്രസക്തമാകുന്നത്.

ഈ ശാസ്ത്രം കൊണ്ടുള്ള പ്രയോജനം പരമപദപ്രാപ്തിയും, സംസാരത്തിൽ നിന്നും തത്ക്കാരണത്തിൽ നിന്നുമുള്ള നിവൃത്തിയുമാകുന്നു. അത് സർവകർമസന്ന്യാസപൂർവ്വകമായിട്ടുള്ള ആത്മജ്ഞാനനിഷ്ഠാരൂപമായ ധർമാചരണം കൊണ്ടുണ്ടാകുന്നു.

## മറ്റുപനിഷദ്ഭാഷ്യങ്ങൾ

ദശോപനിഷത്തുകൾക്കു പുറമെ മൂന്നുപനിഷത്തുകൾക്കുകൂടി ആചാര്യഭാഷ്യം കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. അവ കൃഷ്ണയജുർവേദാന്തർഗത ഉപനിഷദ്ശാഖയായ ശ്വേതാശ്വതരോപനിഷത്തിനും അഥർവവേദാന്തർഗതമായ നൃസിംഹപൂർവതാപനീയോപനിഷത്തിനും ശുക്ലയജുർവേദാന്തർഗതമായ മണ്ഡലബ്രാഹ്മണോപനിഷത്തിനുമാണ്.

ശ്വേതാശ്വതരനെന്നു പ്രസിദ്ധനായ ഋഷി തന്റെ സന്ന്യാസി ശിഷ്യന്മാർക്കുപദേശിക്കുന്നതാണ് ശ്വേതാശ്വതരോപനിഷത്. നിർഗുണബ്രഹ്മസാക്ഷാത്കാരം കൊണ്ടല്ലാതെ മോക്ഷം കിട്ടുകയില്ലെന്ന് ഇതിൽ ഉറപ്പിച്ചുപറയുന്നു. ആദ്ധ്യാത്മികജീവിതത്തിൽ സഗുണനിർഗുണോപാസനകൾക്കുള്ള സ്ഥാനം ഇതിൽ വ്യക്തമായി വിവരിക്കുന്നു. ഭക്തന്മാർക്കും ജ്ഞാനികൾക്കും മാർഗദർശനം നല്കുന്ന വിവരണം ശ്വേതാശ്വതരത്തിന്റെ ഒരു പ്രത്യേകതയാകുന്നു. ശ്രുതിസ്മൃതികൾക്കുപുറമെ പുരാണങ്ങളിൽ നിന്നും ധാരാളം ശ്ലോകങ്ങൾ ഭാഷ്യത്തിൽ ഉദ്ധരിച്ചു കാണുന്നുണ്ട്. സാധകന്മാർക്ക് ആദ്ധ്യാത്മികവിഷയങ്ങളിലുണ്ടാവുന്ന പല സംശയങ്ങളും പരിഹരിക്കുവാൻ സഹായകമായിത്തീരുന്നതാണ് ഈ ഉപനിഷത്ത്.

നൃസിംഹമന്ത്രോപാസനാ വിഷയം ചർച്ചചെയ്യുന്നതാണ് നൃസിംഹപൂർവതാപനീയോപനിഷദ്ഭാഷ്യം. ഉപാസനയിലൂടെ തത്ത്വസാക്ഷാത്കാരമാർഗം അതിൽ സ്പഷ്ടമാക്കിയിരിക്കുന്നു.

രാജയോഗത്തെ യാജ്ഞവല്ക്യ-സൂര്യ സംവാദരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്ന മണ്ഡലബ്രാഹ്മണോപനിഷത്തിന്റെ രാജയോഗഭാഷ്യമെന്ന ആചാര്യഭാഷ്യത്തിലൂടെ രാജയോഗതത്ത്വ രഹസ്യങ്ങൾ ഏതൊരു സാധകനും അനായാസം മനസിലാക്കാവുന്നതാണ്.



## ലഘുഭാഷ്യങ്ങൾ

പ്രസ്ഥാനത്രയഭാഷ്യങ്ങൾക്കുപുറമെ ലളിതാത്രിശതിക്കും ഹസ്താമലക സ്തോത്രത്തിനും മഹാഭാരതാന്തർഗതങ്ങളായ വിഷ്ണുസഹസ്രനാമസ്തോത്രം സനത്സുജാതീയം ആപസ്തംബധർമസൂത്രാന്തർഗതമായ അധ്യാത്മപടലം എന്നിവയ്ക്കും ഭഗവത്പാദർ ഭാഷ്യം ചമച്ചിട്ടുണ്ട്.

## വിഷ്ണുസഹസ്രനാമഭാഷ്യം

'ഗേയം ഗീതാ നാമസഹസ്രം' എന്നിങ്ങനെ സ്തോത്രങ്ങളിൽവച്ച് ഏറ്റവും മാഹാത്മ്യമേറിയ സ്തോത്രം വിഷ്ണുസഹസ്രനാമവും, തത്ത്വശാസ്ത്രഗ്രന്ഥങ്ങളിൽ ഭഗവദ്ഗീതയുമാണെന്നു നിസ്സംശയം ശ്രീശങ്കരഭഗവത്പാദർ വ്യക്തമാക്കിയിട്ടുണ്ട്. സഹസ്രനാമങ്ങളുടെ വർഗത്തിൽ ആദ്യമുണ്ടായത് ഭീഷ്മാചാര്യനാൽ ഉപദേശിക്കപ്പെട്ട വിഷ്ണുസഹസ്രനാമമാണെന്നും, അതിനെ അനുകരിച്ചാണ് മറ്റു സഹസ്രനാമങ്ങളെല്ലാമുണ്ടായതെന്നുമാണ് പണ്ഡിതമതം. സഹസ്രനാമജപം കൊണ്ട് ഏതുരോഗവും ഏതുബന്ധവും ഏതുഭയവും ഏതാപത്തും നീങ്ങിപ്പോകുമെന്നാണ് ഭീഷ്മപിതാമഹൻ പറയുന്നത്. ധർമാർത്ഥകാമമോക്ഷങ്ങൾ സാധി ക്കുന്നതിനുള്ള ഒറ്റമൂലിയാണ് സഹസ്രനാമം.

വിഷ്ണുസഹസ്രനാമത്തിനു പല വ്യാഖ്യാനങ്ങളുമുണ്ടെങ്കിലും ശ്രീശങ്കരഭഗവത്പാദരുടെ ഭാഷ്യമാണ് ആധികാരികമായ വ്യാഖ്യാനം. മറ്റു ഭാഷ്യങ്ങളിൽ ആചാര്യർ ഉപനിഷത്തുകളും ഭഗവദ്ഗീതയും മാത്രം അദ്വൈതസിദ്ധാന്തം സ്ഥാപിക്കുന്നതിനുവേണ്ടി ഉദ്ധരിക്കുമ്പോൾ, സഹസ്രനാമഭാഷ്യത്തിൽ ശ്രുതികൾക്കുപുറമെ സ്മൃതികളും പുരാണങ്ങളും എല്ലാം വളരെയധികം ഉദ്ധരിച്ചുകാണുന്നു. ഈ പ്രക്രിയയിൽക്കൂടി, പുരാണേതിഹാസാദികളും ഏകവും അഖണ്ഡസച്ചിദാനന്ദാത്മകവുമായ ബ്രഹ്മത്തെത്തന്നെയാണ് പ്രതിപാദിക്കുന്നതെന്ന് ആചാര്യർ സ്ഥാപിക്കുന്നു. സഹസ്രനാമത്തിന്റെ ഉള്ളിലേക്കുകടക്കുമ്പോൾ അതിൽ പ്രതിപാദിക്കുന്ന ദേവൻ സ്ത്രീ-പുരുഷ-നപുംസകഭേദമോ, ശിവൻ, വിഷ്ണു, ദേവി, സൂര്യൻ, ഗണപതി, സുബ്രഹ്മണ്യൻ ഇത്യാദി വ്യക്തിഭേദങ്ങളോ ഇല്ലാത്ത നിഷ്കളബ്രഹ്മംതന്നെയാണെന്ന് കാണാവുന്നതാണ്. മാത്രമല്ല ഒരേ ഈശ്വരനെത്തന്നെയാണ് മേൽപറഞ്ഞ നാമരൂപാദികളിൽക്കൂടി ഉപാസിക്കുന്നതെന്നും സിദ്ധിക്കുന്നു.

## സനത്സുജാതീയഭാഷ്യം

മഹാഭാരതത്തിൽ വിദുരരുടെ അഭ്യർത്ഥനയാൽ സനത്കുമാരമഹർഷി ധൃതരാഷ്ട്രർക്ക് നല്കുന്ന ആത്മതത്ത്വോപദേശമാണ് സനത്സുജാതീയം. ഇതിന്റെ



ഭാഷ്യത്തിൽ ആചാര്യർ അദ്വൈതസിദ്ധാന്തത്തിന്റെ മൗലികമായ തത്ത്വങ്ങളെല്ലാം വിശദമായി ചർച്ച ചെയ്യുന്നു.

'*ജ്ഞാനത്തിലൂടെ മാത്രമേ മോക്ഷം സിദ്ധിക്കുകയുള്ളൂ*' (ജ്ഞാനാദേവ തു കൈവല്യം), '*പ്രമാദമാണ് മൃത്യു*' (പ്രമാദോ വൈ മൃത്യുഃ) '*കർമം ചിത്തശുദ്ധിദ്വാരാ മോക്ഷസാധനമാകുന്നു*' (ചിത്തസ്യ ശുദ്ധയേ കർമ, ന തു വസ്തൂപലബ്ധയേ) എന്നീ സിദ്ധാന്തങ്ങൾ ഭാഷ്യത്തിന്റെ ആദ്യാധ്യായത്തിൽത്തന്നെ ചർച്ച ചെയ്തിരിക്കുന്നു. പിന്നീടുള്ള അധ്യായങ്ങളിൽ '*ജ്ഞാനിക്കു പുനർജന്മമില്ല*' (ന സ പുനരാവർതതേ), '*ജീവാത്മാവ് ബ്രഹ്മം തന്നെയാണ്*'(ജീവോ ബ്രഹ്മൈവ നാപരഃ) എന്നീ തത്ത്വങ്ങളും ചർച്ച ചെയ്യുന്നു. അതുകൂടാതെ മോക്ഷത്തെ ഇച്ഛിക്കുന്നവർക്ക് അവശ്യം വേണ്ട സദ്ഗുണങ്ങളേയും ഒഴിവാക്കേണ്ട ദോഷങ്ങളേയും കുറിച്ച് സനത്സുജാതീയത്തിൽ വിശദമായി പ്രതിപാദിക്കുന്നു. എല്ലാംകൊണ്ടും ഒരു ജിജ്ഞാസുവിന് അത്യന്തം പ്രയോജനപ്പെടുന്ന ഒരു ശാസ്ത്രഗ്രന്ഥമാണ് സനത്സുജാതീയം.

## ശ്രീലളിതാത്രിശതിഭാഷ്യം

ദേവിയുടെ മന്ത്രങ്ങളിൽവച്ച് മഹത്ത്വമേറിയതാണ് പഞ്ചദശാക്ഷരീമന്ത്രങ്ങൾ. ഈ ശ്രീവിദ്യാമന്ത്രത്തിന്റെ ഓരോ അക്ഷരത്തിന് ഇരുപത് നാമങ്ങൾ വീതം മുന്നൂറ് നാമങ്ങളോടുകൂടിയതാണ് ലളിതാത്രിശതീസ്തോത്രം. ഇതിന് കാദിവിദ്യയെന്ന പേരുമുണ്ട്. '*ആർക്ക് പുനർജന്മമില്ലയോ അവന് മാത്രം ശ്രീവിദ്യ ലഭിക്കുന്നു.*' '*ശ്രീവിദ്യോപാസകൻ സാക്ഷാത് പരമശിവനാകുന്നു*' എന്നു തുടങ്ങി ശ്രീവിദ്യാമഹിമയെ പ്രമാണങ്ങളിൽ അപാരമായി വർണിച്ചിരിക്കുന്നു. ഈ സ്തോത്രം കാമേശ്വരകാമേശ്വരിമാരാൽ നിർമ്മിക്കപ്പെട്ട് വിഷ്ണുവിന്റെ അവതാരമായ ഹയഗ്രീവൻ ധരിച്ച് അഗസ്ത്യമഹർഷിക്കുപദേശിക്കപ്പെട്ട് ശിഷ്യപരമ്പരയായി ലോകത്തിൽ പ്രസിദ്ധമായിട്ടുള്ളതാണെന്ന് ഇതിൽ വിവരിച്ചിരിക്കുന്നു.

ഈ സ്തോത്രം ബീജാക്ഷരാർത്ഥസമന്വിതവും സാക്ഷാത് ദേവിയാൽ സർവകാമവും കർമവും സമ്പൂർണമാകുവാനുമായി ദേവീഭക്തർക്ക് നിത്യപാരായണത്തിനായി പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. ഭാഷ്യത്തിൽ ആചാര്യപാദർ ഇതിന്റെ വേദാന്താർത്ഥതലങ്ങളെയും വളരെ വിശദമായി ചർച്ചചെയ്തിരിക്കുന്നു. ക്ലിഷ്ടവും പ്രൗഢവുമായ ഈ മന്ത്രരഹസ്യത്തെ ഭാഷ്യസഹായത്താൽ ഏതൊരു സാധകനും ആയാസരഹിതമായി മനസ്സിലാക്കാവുന്നതാണ്.



## ഹസ്താമലകസ്തോത്രഭാഷ്യം

ലോകർ ജഡനെന്നു വിധിയെഴുതിയ ഒരു ബാലനിൽനിന്നും പുറപ്പെട്ട അദ്ധ്യാത്മജ്ഞാനസ്രോതസ്സാണ് ഹസ്താമലകസ്തോത്രം. അതിപ്രൗഢമായ വേദാന്തതത്ത്വം വളരെ ഒതുക്കി വ്യക്തമാക്കുന്നവയാണ് ഇതിലെ ശ്ലോകങ്ങൾ. ആത്മസ്വരൂപം, ഉള്ളംകയ്യിലെ നെല്ലിക്കപോലെ ആർക്കും സുഗ്രഹമായിത്തീരുന്നതിനാൽ ഈ ശ്ലോകങ്ങൾക്ക് ഹസ്താമലകസ്തോത്രം എന്ന പേരുസിദ്ധിച്ചു. ഗുരുശിഷ്യസംവാദരൂപത്തിലുള്ളതാണ് ഈ സ്തോത്രം. ഈ സ്തോത്രത്തിന്റെ കർത്താവായ ബാലനാണ് പിൽക്കാലത്ത് ഹസ്താമലകാചാര്യ നാമത്തിൽ ശ്രീ ശങ്കരാചാര്യ ശിഷ്യപ്രധാനിയായി പ്രസിദ്ധനായത്. ഈ സ്തോത്രം ശ്രദ്ധയോടെ പഠിക്കുന്ന ആർക്കും '*അഹം ബ്രഹ്മാസ്മി*' എന്ന പരമതത്ത്വം കരതലാമലകം പോലെ സുവിദിതമാകും. സ്വശിഷ്യന്റെ കൃതിക്ക് ഭാഷ്യംചമച്ച് ആചാര്യപാദർ ഇതിന്റെ പ്രൗഢത ഒന്നുകൂടി വ്യക്തമാക്കുന്നു.

## അധ്യാത്മപടലഭാഷ്യം

ആപസ്തംബധർമസൂത്രാന്തർഗതമായ ആത്മതത്ത്വവിചാരമാണ് അധ്യാത്മ പടലം. കർമക്ഷയത്തോടെ ആത്മജ്ഞാനമുദിക്കുന്നുവെന്നതിനെ സംബന്ധിച്ചും ധർമാധർമവിഷയങ്ങളിലുള്ള ചർച്ചയുമെല്ലാം ചേർന്ന ഈ ലഘുകൃതി ആചാര്യപാദരുടെ പ്രൗഢമായ ഭാഷ്യത്താൽ ശോഭിക്കപ്പെടുന്നു.

## സാംഖ്യകാരിക ടീക

'*ടീക്യതേ ഗമ്യതേ ഗ്രന്ഥാർഥഃ*' ഇതിനാൽ ഗ്രന്ഥാർത്ഥം വെളിവാകുന്നു എന്നതാണ് '*ടീകാ*' ശബ്ദാർത്ഥം. ഗ്രന്ഥത്തിന്റെ സമഷ്ടിയായ അർഥവിവരണമാണ് ടീക. ശ്രീമദ് ഈശ്വരകൃഷ്ണ വിരചിതമായ സാംഖ്യകാരികയ്ക്ക് ശങ്കരാചാര്യരുടേതെന്നു പറയപ്പെടുന്ന ടീകയാണ് ജയമംഗളാടീക. പല പ്രഗത്ഭപണ്ഡിതരും ഈ ടീക ശങ്കരകൃതമല്ലെന്നു അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത് കൂടുതൽ ചർച്ചകൾക്കുവിധേയമാകേണ്ടതാണെന്ന ലക്ഷ്യത്തോടെ ഈ സമാഹാരത്തിൽ ഉൾപ്പെടുത്തുന്നു.

## ഭാഷ്യവിവരണം

ആസ്തികദർശനങ്ങളിൽ പതഞ്ജലി മഹർഷിയാൽ വിരചിതമായ യോഗസൂത്രങ്ങൾക്ക് പുരാതനസൂത്രാർത്ഥ വിവരണശൈലിയിൽ നിന്നും വ്യതിചലിക്കാതെ തയ്യാറാക്കപ്പെട്ടതാണ് വ്യാസ ഭാഷ്യം. ഇതിന് ഒരു ഭാഷ്യവിവരണം ശ്രീശങ്കരഭഗവത്പാദകൃതമെന്ന രീതിയിൽ 1952 ൽ മദ്രാസ് ഗവൺമെന്റ് ഓറിയന്റൽ സീരീസി(നം.44)ൽനിന്നും പ്രസിദ്ധീകരിച്ചത് കർതൃത്വത്തെ



സംബന്ധിച്ച കൂടുതൽ ചർച്ചകൾക്കു വിധേയമാകേണ്ടതാണെന്ന ലക്ഷ്യത്തോടെ ഇവിടെ ഉൾപ്പെടുത്തുന്നു.

## വേദാന്തസ്തോത്രങ്ങൾ – പ്രകരണ പ്രബന്ധങ്ങൾ

ശാസ്ത്രങ്ങളിലെ പ്രൗഢങ്ങളായ വിഷയങ്ങൾ അല്പജ്ഞന്മാർക്ക് അറിയാൻ വേണ്ടി ആചാര്യന്മാർ ഉപക്രമോപസംഹാരാദി ലക്ഷണങ്ങളോടുകൂടിയ 'പ്രകരണ'ങ്ങളായി എഴുതാറുണ്ട്. പ്രൗഢമായ വിഷയത്തെ ലളിതമായി സ്വന്തംഭാഷയിൽ ലക്ഷണങ്ങളൊപ്പിച്ച് എഴുതുന്നതിനാണ് പ്രകരണമെന്നുപറയുന്നത്.

അദ്വൈതവേദാന്തത്തെ അധികരിച്ച് പല ആചാര്യന്മാരും അനേകം പ്രകരണങ്ങളെഴുതിയിട്ടുണ്ട്. ഏറ്റവുമധികം വേദാന്തപ്രകരണങ്ങളെഴുതിയത് ശ്രീശങ്കരഭഗവത്പാദരാണെന്നത് പ്രസിദ്ധമാണ്. ഒരേ വിഷയത്തെ അധികരിച്ച് ഇത്രയധികം പ്രകരണങ്ങൾ മറ്റേതൊരാചാര്യരും എഴുതിയിട്ടില്ലെന്നതും പ്രസ്താവ്യമാണ്. അദ്വൈതാനുഭൂതിയുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ആചാര്യൻ ഉപദേശിക്കുന്നത്. അനുഭവസമ്പന്നന് കാര്യങ്ങൾ നിസ്സന്ദേഹം സുദൃഢം പ്രഖ്യാപിക്കാം. ശ്രീശങ്കരന്റെ വാക്യങ്ങൾ അപ്രകാരമുള്ള പ്രഖ്യാപനങ്ങളാണ്. ബൃഹത്തായ പ്രസ്ഥാനത്രയഭാഷ്യങ്ങളിലായാലും പ്രകരണഗ്രന്ഥങ്ങളിലായാലും ആ ദർശനം തെളിഞ്ഞുകാണാം. സമഗ്രദർശനം ലഭിച്ചവർ പറയുന്നതിലെല്ലാം ആ സമഗ്രത കാണാൻ കഴിയും. സാധാരണജനങ്ങളുടെ ഇടയ്ക്കു അദ്വൈതസിദ്ധാന്തം എത്തിക്കുന്നതിനു വേണ്ടിയാണ് ശ്രീശങ്കരൻ പ്രകരണഗ്രന്ഥങ്ങളും വേദാന്തസ്തോത്രങ്ങളും രചിച്ചിട്ടുള്ളത്. ഏകശ്ലോകി മുതൽ ചെറുതും വലുതുമായ ഒട്ടേറെ കൃതികൾ ഈ വിഭാഗത്തിലുണ്ട്. എത്ര ചെറുതായാലും അതിൽ അദ്വൈതവേദാന്തത്തെ വ്യക്തമായി പ്രകാശിപ്പിക്കുകയെന്നത് ആചാര്യരുടെ രചനാപാടവമാണ്.

## ഉപദേശരചനകൾ

**വിവേകചൂഡാമണി**

അനുഭൂതിസമ്പന്നനായ ഒരു സദ്ഗുരുവിന്റെ അഭാവത്തിൽ, ആ സ്ഥാനം വഹിക്കാൻ കഴിയുന്നത്ര വിശിഷ്ടവും ലളിതവും ആയ ഒരു മഹനീയഗ്രന്ഥമാണിത്. തത്ത്വമസി എന്ന മഹാവാക്യത്തിൽ അന്തർഭവിക്കുന്ന പരമാത്മതത്ത്വത്തിന്റെ പ്രതിപാദനമാണ് ഈ പ്രകരണം. പ്രപഞ്ചം, ജീവൻ, ബന്ധം, അധികാരി, ആത്മാവ്, ഈശ്വരൻ, മോക്ഷം തുടങ്ങിയ സകലതത്ത്വങ്ങളെയും നിരൂപണം ചെയ്തു നിർവചിച്ച് സമഗ്രമായ വേദാന്തദർശനത്തെ അറുപതോളം ദാർശനിക വിഷയങ്ങളായി 586 ശ്ലോകങ്ങളിലൂടെ ഇതിൽ വിവരിച്ചിരിക്കുന്നു. ഒരു



യഥാർത്ഥക്രാന്തദർശിയുടെ അനുഭൂതികാവ്യമാണിതെന്ന് ഇതിലെ ഓരോ ശ്ലോക വും വിളിച്ചുപറയുന്നു. അദ്വൈതവേദാന്തവുമായി അല്പമെങ്കിലും പരിചയം സമ്പാദിക്കണമെന്നാഗ്രഹിക്കുന്ന വിദ്യാർത്ഥികളൊക്കെ അവശ്യം പഠിച്ചിരിക്കേണ്ട ഒരു മഹാഗ്രന്ഥമാണിത്.

### ഉപദേശസാഹസ്രി

രത്നാകരസദൃശമായ പ്രസ്ഥാനത്രയഭാഷ്യങ്ങളിൽ നിന്ന് പെറുക്കിയെടുത്ത് ഉരച്ചുമാറ്റുകൂട്ടിയ വേദാന്തരത്നങ്ങളാണ് സുപ്രസിദ്ധമായ ഉപദേശസാഹസ്രി. ശിഷ്യപ്രബോധനാർത്ഥം നിസർഗസുന്ദരമായ കവിതാമാധ്യമത്തിൽക്കൂടി വേദാന്തസിദ്ധാന്തങ്ങളെ അവതരിപ്പിക്കുന്ന അനവധി രചനകൾ ആചാര്യസ്വാമികളുടേതായി ലഭ്യമാണ്. അവയിൽ എല്ലാംകൊണ്ടും ആധികാരികവും ആകാരത്തിൽ ആകർഷകവും വിവേകികൾക്ക് നിത്യചൂഡാരത്നവുമായ തത്ത്വസമാഹാരമാണ് ഉപദേശസാഹസ്രി. രണ്ടു പ്രബന്ധങ്ങളാണിതിലടങ്ങിയിരിക്കുന്നത്. ആദ്യഭാഗം മൂന്നു പ്രകരണങ്ങളിലായി അറുപതോളം വിഷയങ്ങളുള്ള ഗദ്യപ്രബന്ധമാണ്. രണ്ടാം ഭാഗമായ പദ്യപ്രബന്ധത്തിൽ പത്തൊമ്പത് അധ്യായങ്ങളിലായി നൂറോളം വിഷയങ്ങൾ എഴുന്നൂറോളം ശ്ലോകങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നു.

### സർവവേദാന്തസിദ്ധാന്തസാരസംഗ്രഹം

ശ്രീശങ്കരഭഗവത്പാദരുടെ വേദാന്തപ്രകരണങ്ങളിലും ഉപദേശരചനകളിലും എല്ലാംകൊണ്ടും ബൃഹത്തും പ്രൗഢഗംഭീരവുമായ കൃതിയാണ് സർവവേദാന്തസിദ്ധാന്തസാരസംഗ്രഹം. ഈ ഒരു പ്രകരണത്തെ മാത്രം ശരിയായി പഠിച്ചാൽത്തന്നെ ഒരാൾക്ക് അദ്വൈതവേദാന്തത്തിൽ നിസ്സംശയമായ അറിവുണ്ടാകും. അത്രമാത്രം വിപുലവും സമ്പൂർണവുമാണ് ഇതിലെ പ്രതിപാദനം. പ്രായേണ ശാസ്ത്രത്തിന്റെ എല്ലാ വശങ്ങളേയും സ്പർശിക്കുകയും, ആവശ്യമുള്ളിടത്ത് പൂർവപക്ഷങ്ങളെ അവതരിപ്പിക്കുകയും സിദ്ധാന്തങ്ങളെ സമർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ വേദാന്തവിദ്യാർത്ഥികൾക്കും ജിജ്ഞാസുക്കൾക്കും ഈ പ്രകരണം വലിയൊരനുഗ്രഹം തന്നെയാണ്.

## അനുശാസനരചനകൾ

ഭാരതത്തിന്റെ ആദ്ധ്യാത്മികപാരമ്പര്യ സംരക്ഷണത്തിനായി ശൃംഗേരി, ദ്വാരക, ബദരി, പുരി എന്നിവിടങ്ങളിലായി നാലുമഠങ്ങൾ സ്ഥാപിച്ച് ആചാര്യസ്വാമികൾ അവയുടെ പരിപാലനത്തിനായി ചില നിയമങ്ങളും വ്യവസ്ഥകളും തയ്യാറാക്കുകയുണ്ടായി. മഠാമ്നായോപനിഷത്, മഠാമ്നായസേതു, മഹാനുശാസനം എന്നിവയാണ് ഈ ഗണത്തിലുൾപ്പെടുന്നത്.



## തന്ത്ര–മന്ത്രശാസ്ത്രകൃതികൾ

### പ്രപഞ്ചസാരം

ഏതു ദേവതാസ്വരൂപത്തെയും സാക്ഷാത്കരിക്കാൻ ധ്യാനം, പൂജ, ഭജനം തുടങ്ങിയ മാർഗങ്ങൾ ദൃഢവും വ്യവസ്ഥാപിതവുമാകേണ്ടതുണ്ട്. ഇതിനായി മന്ത്രങ്ങളും പൂജാതന്ത്രങ്ങളും യോഗമാർഗ്ഗങ്ങളും ആവശ്യമായിത്തീരുന്നു. ശൈവാഗമങ്ങളും വൈഷ്ണവപഞ്ചരാത്രങ്ങളും ശാക്തതന്ത്രങ്ങളും യോഗസൂത്രങ്ങളും ഇതിലേയ്ക്ക് വെളിച്ചം വീശുന്നു. ആധുനികങ്ങളായ തന്ത്രശാസ്ത്രങ്ങൾ പലതും പൂർവഗ്രന്ഥങ്ങളെ ആശ്രയിച്ചു രചിക്കപ്പെട്ടവയാണ്. ഇവിടെയാണ് അടിസ്ഥാന തന്ത്രശാസ്ത്രഗ്രന്ഥമായ പ്രപഞ്ചസാരത്തിന്റെ അനുപേക്ഷണീയത വെളിവാകുന്നത്.

മന്ത്രശാസ്ത്രത്തിന്റെ ഉള്ളറകളിലേയ്ക്ക് പ്രവേശിക്കാൻ സഹായിക്കുന്ന ഈ ഗ്രന്ഥത്തിൽ മറ്റു തന്ത്രഗ്രന്ഥങ്ങളിലൊന്നും കാണാത്ത ശരീരോത്പത്തി വളരെ വിസ്തരിച്ച് പ്രതിപാദിക്കുന്നു. ശരീരവും മന്ത്രങ്ങളും തമ്മിലുള്ള ബന്ധത്തെ മനസ്സിലാക്കാൻ സാധകർക്ക് ഇത് വളരെ സഹായകമായിത്തീരും. സർവവർണാത്മികയും സർവമന്ത്രാത്മികയുമായി ശോഭിക്കുന്ന ശാരദാംബയെ വന്ദിയ്ക്കുന്ന മംഗളാചരണത്തോടെ ആരംഭിക്കുന്ന ഈ ഗ്രന്ഥത്തിൽ സൗരം, ഗാണപത്യം, ശാക്തം, ശൈവം, വൈഷ്ണവം എന്നീ പഞ്ചദേവതാപൂജാസങ്കല്പങ്ങളും ഉൾക്കൊള്ളുന്നു.

മുപ്പത്തിമൂന്ന് പടലങ്ങളിലായി അഞ്ഞൂറോളം വിഷയങ്ങളിൽ പ്രപഞ്ചസൃഷ്ടിമുതൽ മനുഷ്യസൃഷ്ടിവരെയുള്ള അപൂർവപ്രതിഭാസങ്ങളെ ചിത്രീകരിച്ചിരിക്കുന്നു. നിരവധി അപൂർവപ്രതിഷ്ഠാമന്ത്രങ്ങളും പൂജാതത്ത്വത്തിന്റെ ധ്യാനശ്ലോകങ്ങളും അടങ്ങിയിട്ടുണ്ട്. അന്തരംഗസാധനയായ ഉപാസനയെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്ന പ്രപഞ്ചസാരം മന്ത്ര - തന്ത്ര - യന്ത്രോപാസകർക്കെന്നപോലെ ഏതൊരുപാസകനും വഴികാട്ടിയാണ്.

### സപര്യാഹൃദയം

സപര്യ(പൂജ)യുടെ രഹസ്യം വെളിവാക്കുന്ന കൃതിയാണ് സപര്യാഹൃദയം. പൂജാവിധികളുടെ താത്ത്വികാർത്ഥം വ്യക്തമാക്കുന്ന ഈ കൃതി താന്ത്രികതയും വൈജ്ഞാനികതയും ആദ്ധ്യാത്മികതയും നിറഞ്ഞുനിൽക്കുന്ന ഗ്രന്ഥം കൂടിയാണ്. താന്ത്രികമതപ്രകാരം ബാഹ്യമായി അനുഷ്ഠിക്കുന്ന പൂജാവിധികളല്ല, പരമമായ ആത്മതത്ത്വത്തെ സാക്ഷാത്കരിക്കലാണ് യഥാർത്ഥ പൂജയെന്നും ഈ കൃതി വ്യക്തമാക്കുന്നു.



## സ്തോത്രകൃതികൾ

മന്ത്രം, സ്തോത്രം, നാമസങ്കീർത്തനം മുതലായവ മാനവ സമുദായത്തിന്റെ സദാചാരബോധത്തിനും ആഭ്യന്തരസംസ്കാരത്തിനും വഴിതെളിക്കുന്നു. അക്ഷരങ്ങളായ ശബ്ദങ്ങളുടെ സമുദായമാണ് സ്തോത്രം. ഇഷ്ടദേവതയുടെ ഗുണവർണനമാണ് അവയിലെ പ്രതിപാദ്യം. ഇവയിൽ ധ്യാനരൂപേണയുള്ള മാനസികപൂജാസ്തോത്രങ്ങളും നിരവധിയുണ്ട്.

ജീവാത്മപരമാത്മാക്കളുടെ ഏകതജ്ഞാനമാണ് മോക്ഷോപായമെന്നും ജ്ഞാനത്തിന് ചിത്തശുദ്ധിയാണ് ഉപകരണമെന്നും ഭക്തികൂടാതെ ചിത്തശുദ്ധിയുണ്ടാകയില്ലെന്നും ഭക്തിക്ക് അഹന്താമമതകളെ ത്യജിച്ച് ഈശ്വരനിൽ സ്വയം സമർപ്പിച്ച് നിഷ്കാമമായി ഇഷ്ടാപൂർത്താദി കർമം ചെയ്ത് ഈശ്വരാനുഗ്രഹം സമ്പാദിക്കണമെന്നുമാണ് ശാങ്കരമതസംഗ്രഹം. ഈശ്വരനെ നിർഗുണനായും സഗുണനിരാകാരനായും ഭാവനചെയ്തുപാസിക്കുന്നതിന് ശങ്കരൻ അനുകൂലിയാണ്. സകാരഭാവത്തിൽ ശങ്കരന് ശിവവിഷ്ണ്വാദി ഭേദങ്ങളില്ല. എല്ലാ മുഖ്യദേവന്മാരെയും ഉദ്ദേശിച്ച് തത്തദുപാസകർക്കുവേണ്ടി അദ്ദേഹം സ്തോത്രങ്ങൾ രചിച്ചിട്ടുണ്ട്. ഓരോ ഈശ്വരഭാവത്തെയും സ്തുതിക്കുമ്പോൾ അതതുഭാവത്തെ പരമോത്കൃഷ്ടമായി പ്രസ്താവിക്കുകയും ചെയ്യുന്നു. ശൈവന് ശിവനും വൈഷ്ണവന് വിഷ്ണുവും ദേവീഭക്തന് ദേവിയും മറ്റുമാണ് ശാങ്കരാഭിപ്രായത്തിൽ പരമോത്കൃഷ്ടമൂർത്തി.

ശ്രീശങ്കരന്റെ സ്തോത്രകൃതികളിൽ പ്രാമുഖ്യമർഹിക്കുന്നവയാണ് ഭുജംഗപ്രയാതസ്തോത്രങ്ങൾ. ഭക്തിയും വിരക്തിയും പ്രകാശിപ്പിക്കുവാൻ ഏറ്റവും പറ്റിയ വൃത്തമാണ് ഇത്. ഭുജംഗങ്ങളുടെ (സർപ്പങ്ങളുടെ) പ്രയാണം (ഗതി) പോലെ അല്പം ഇഴഞ്ഞ മട്ടിൽ ചൊല്ലേണ്ടതാകയാലാണിതിന് ഭുജംഗപ്രയാതമെന്ന് വൃത്തശാസ്ത്രത്തിൽ നാമകരണം ചെയ്തിട്ടുള്ളത്.

ആയിരത്താണ്ടുകളായി ഹിന്ദുഭവനങ്ങളിലും ക്ഷേത്രങ്ങളിലും സന്ധ്യാവേളകളിൽ ഭുജംഗവിഭൂഷണനായ ശിവനേയും ഭുജംഗശായിയായ വിഷ്ണുവിനേയും സ്തുതിക്കുവാൻ ഭുജംഗപ്രയാതസ്തോത്രങ്ങൾ ഗാനംചെയ്തു വരുന്നു. ഇവ ആദ്യമായി നിർമ്മിച്ചതു ശ്രീശങ്കരനാണെന്നു വിശ്വസിച്ചു പോരുന്നു. ശ്രീശങ്കരൻ മാതൃസന്നിധിയിൽ ശിവഭുജംഗവും പിന്നീട് വിഷ്ണുഭുജംഗവും ഉണ്ടാക്കിച്ചൊല്ലി യോഗികൾക്കുപോലും ദുർലഭമായ വിഷ്ണുസായുജ്യം മാതാവിനു നൽകി. ഇക്കാലത്തും മരണശയ്യയിൽ കിടക്കുന്നവരെ ഈ സ്തോത്രങ്ങൾ ചൊല്ലി ക്കേൾപ്പിക്കാറുണ്ട്. ഭുജംഗപ്രയാതവൃത്തത്തിൽ മറ്റുദേവതാസ്തോത്രങ്ങളും ശങ്കരകൃതമായിട്ടുണ്ട്.



ശിവപരങ്ങളായ അസംഖ്യം സ്തോത്രങ്ങൾ ആചാര്യസ്വാമികൾ രചിച്ചിട്ടുണ്ട്. ശിവപ്രസാദം സിദ്ധിക്കുവാനും, പരമാർത്ഥജ്ഞാനബോധം ഉണ്ടാകുവാനും ശിവസ്തോത്രങ്ങൾ സഹായകമാണ്. ആനന്ദദായകത്വംകൊണ്ടും അഭീഷ്ടാർത്ഥ സാധകത്വം കൊണ്ടും പ്രാധാന്യമർഹിക്കുന്നവയാണ് ശങ്കരകൃതമായ ദേവീ സ്തോത്രങ്ങൾ. അവ രൂപവർണനാപരങ്ങളും സൂക്ഷ്മതത്ത്വപ്രതിപാദകങ്ങളുമാണ്.

സ്തോത്രകൃതികളിൽ മറ്റൊരു ഗണമാണ് വിഷ്ണുസ്തോത്രങ്ങൾ. ചതുർബാഹുവായ വിഷ്ണു സത്വഗുണരൂപമാണ്. രജോഗുണരൂപമാണ് രാമകൃഷ്ണാദി അവതാരങ്ങൾ. തമോഗുണരൂപമാണ് നരസിംഹമൂർത്തി. നിർഗുണബ്രഹ്മവും പ്രകൃതിയും ചേർന്ന സഗുണബ്രഹ്മകല്പനയാണ് അനന്തശായിയായ വിഷ്ണുഭഗവാൻ. വിഷ്ണുസ്തോത്രങ്ങളോടൊന്നിച്ച് അവതാരസ്തോത്രങ്ങളുമുണ്ട്.

ഗുരു, ഗണപതി, സുബ്രഹ്മണ്യൻ, ഹനുമാൻ, ശ്രീധർമ്മശാസ്താവ് എന്നീ ദേവതകളുടെ സ്തോത്രങ്ങളും മാനസപൂജ, മാതൃപൂജാസ്തോത്രങ്ങളും ഗംഗ, യമുന, നർമദ എന്നീ നദീ തീർത്ഥങ്ങളും കാശി മുതലായ സ്ഥലതീർത്ഥങ്ങളുമുൾക്കൊള്ളുന്ന സ്തോത്രങ്ങളാണ് മറ്റൊരു ഗണം.

മന്ത്രവേദികളായ സിദ്ധകവികളുടെ കൃതികളിലാണ് സൂക്ഷ്മതത്ത്വങ്ങൾ കൂടുതൽ പ്രതിപാദിച്ചുകാണുന്നത്. പദം, മന്ത്രം, വർണം എന്നിങ്ങനെ മൂന്നുപ്രകാരത്തിലാണ് ശബ്ദം. അതിന്റെ അർത്ഥവും മൂന്നു വിധമാണ്. ഇവയിൽ മന്ത്രവർണാത്മകങ്ങളായ ശബ്ദങ്ങൾ അടങ്ങിയ സ്തോത്രങ്ങൾ പ്രഖ്യാതങ്ങളാണ്. അവ അർത്ഥബോധത്തോടുകൂടി പഠിക്കുന്നവർക്ക് അഭീഷ്ടസിദ്ധി കൈവരുന്നതാണ്. ഇവയെല്ലാം ഉൾക്കൊള്ളുന്ന ശ്രീശങ്കരകൃതസ്തോത്രങ്ങൾക്ക് വൈശിഷ്ട്യമേറും. ശങ്കരസ്തോത്രകൃതികൾ പഞ്ചകങ്ങൾ, ഷട്കങ്ങൾ, അഷ്ടകങ്ങൾ, ദശകങ്ങൾ, തുടങ്ങി ശതകങ്ങളിലും അതിലുപരിയായും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

വേദാന്ത പ്രതിപാദകമായ അർത്ഥം അറിയുന്നതുതുടങ്ങി, ആത്മസാക്ഷാത്കാരംവരെയുള്ള അനുഭവം സ്തോത്രപാരായണം കൊണ്ട് സിദ്ധിക്കുന്നതാണ്. കലിയുഗത്തിൽ ജപയജ്ഞത്തിനാണ് അധികം പ്രാധാന്യമുള്ളത്. ജപയജ്ഞത്തിന് ഉപയോഗപ്പെടുന്നവയാണ് സ്തോത്രങ്ങൾ. ജപയജ്ഞത്തിനു പണ്ഡിത പാമരഭേദം കൂടാതെ എല്ലാവരും അധികാരികളാണ്.

■



# ശ്രീശങ്കര സാരസ്വത സർവസ്വം

**ഉപനിഷദ്ഭാഷ്യങ്ങൾ :**

1) ഈശാവാസ്യോപനിഷദ്ഭാഷ്യം
2) കേനോപനിഷദ്പദഭാഷ്യം, വാക്യഭാഷ്യം
3) കഠോപനിഷദ്ഭാഷ്യം
4) പ്രശ്നോപനിഷദ്ഭാഷ്യം
5) മുണ്ഡകോപനിഷദ്ഭാഷ്യം
6) മാണ്ഡൂക്യോപനിഷദ്ഭാഷ്യം
7) ഐതരേയോപനിഷദ്ഭാഷ്യം
8) തൈത്തിരീയോപനിഷദ്ഭാഷ്യം
9) ഛാന്ദോഗ്യോപനിഷദ്ഭാഷ്യം
10) ബൃഹദാരണ്യകോപനിഷദ്ഭാഷ്യം

**ബ്രഹ്മസൂത്രഭാഷ്യം**

**ശ്രീഭഗവദ്ഗീതാഭാഷ്യം**

**മറ്റുപനിഷദ്ഭാഷ്യങ്ങൾ :**

1) ശ്വേതാശ്വതരോപനിഷദ്ഭാഷ്യം
2) നൃസിംഹപൂർവതാപനീയോപനിഷദ്ഭാഷ്യം
3) മണ്ഡലബ്രാഹ്മണോപനിഷദ്ഭാഷ്യം

**ലഘുഭാഷ്യങ്ങൾ :**

1) വിഷ്ണുസഹസ്രനാമസ്തോത്രഭാഷ്യം
2) സനത്സുജാതീയഭാഷ്യം
3) ലളിതാത്രിശതിഭാഷ്യം
4) ഹസ്താമലകസ്തോത്രഭാഷ്യം
5) അധ്യാത്മപടലഭാഷ്യം

**ടീക :** സാംഖ്യകാരികാ ജയമംഗളാടീക

**ഭാഷ്യവിവരണം** : പാതഞ്ജലയോഗസൂത്രം-ഭാഷ്യവിവരണം

**ഉപദേശരചനാവലികൾ :**

1) വിവേകചൂഡാമണി
2) ഉപദേശസാഹസ്രി - ഗദ്യപ്രബന്ധം, പദ്യപ്രബന്ധം
3) സർവവേദാന്തസിദ്ധാന്തസാരസംഗ്രഹം

**പ്രകരണ പ്രബന്ധങ്ങൾ :**

1) പ്രബോധസുധാകരം
2) സ്വാത്മപ്രകാശിക
3) മനീഷാപഞ്ചകം
4) അദ്വൈതപഞ്ചരത്നം
5) നിർവ്വാണഷട്കം
6) അദ്വൈതാനുഭൂതി
7) ബ്രഹ്മാനുചിന്തനം
8) പ്രശ്നോത്തരരത്നമാലിക
9) സദാചാരാനുസന്ധാനം
10) യോഗതാരാവലി
11) ഉപദേശപഞ്ചകം
12) ധന്യാഷ്ടകം
13) ജീവന്മുക്താനന്ദലഹരി
14) അനാത്മശ്രീവിഗർഹണപ്രകരണം
15) സ്വരൂപാനുസന്ധാനം
16) യതിപഞ്ചകം
17) പഞ്ചീകരണം
18) തത്ത്വോപദേശം
19) ഏകശ്ലോകി
20) മായാപഞ്ചകം



21) പ്രൗഢാനുഭൂതി

22) ബ്രഹ്മജ്ഞാനാവലീമാല

23) ലഘുവാക്യവൃത്തി

24) നിർവാണമഞ്ജരി

25) അപരോക്ഷാനുഭൂതി

26) വാക്യവൃത്തി

27) സ്വാത്മനിരൂപണം

28) ആത്മബോധം

29) ശതശ്ലോകി

30) ദശശ്ലോകി

31) ആത്മാനാത്മവിവേകം

32) തത്ത്വബോധം

33) വാക്യസുധാ/ദൃക്ദൃശ്യവിവേകം

34) ശ്രീമണിരത്നമാലാ

35) ആത്മജ്ഞാനോപദേശവിധി

36) അജ്ഞാനബോധിനി

37) യതിദണ്ഡൈശ്വര്യവിധാനം*

38) പഞ്ചമാശ്രമഃ*

39) ബാലബോധസംഗ്രഹം*

**തന്ത്രശാസ്ത്രകൃതികൾ :**

1) സപര്യാഹൃദയം

2) പ്രപഞ്ചസാരം

**അനുശാസനഗ്രന്ഥങ്ങൾ :**

1) മഠാമ്നായോപനിഷത്

2) മഠാമ്നായസേതു

3) മഹാനുശാസനം

**ഗുരു – ഗണേശ – സുബ്രഹ്മണ്യ – സൂര്യ സ്തോത്രങ്ങൾ :**

1) ഗുർവഷ്ടകം

2) ശ്രീഗണേശപ്രാതഃസ്മരണസ്തോത്രം*

3) ഗണേശപഞ്ചരത്നം

4) ഗണേശഭുജംഗം

5) സുബ്രഹ്മണ്യഭുജംഗം

6) ശ്രീസൂര്യപ്രാതഃസ്മരണസ്തോത്രം*

**ശിവസ്തോത്രങ്ങൾ :**

7) ശ്രീശിവപ്രാതഃസ്മരണസ്തോത്രം*

8) ശിവഭുജംഗം

9) ശിവാനന്ദലഹരി

10) ശിവപാദാദികേശാന്തവർണനസ്തോത്രം

11) ശിവകേശാദിപാദാന്തവർണനസ്തോത്രം

12) വേദസാരശിവസ്തോത്രം

13) ശിവാപരാധക്ഷമാപണസ്തോത്രം

14) സുവർണമാലാസ്തുതി

15) ദശശ്ലോകീസ്തുതി

16) ദക്ഷിണാമൂർത്തിവർണമാലാസ്തോത്രം

17) ശ്രീദക്ഷിണാമൂർത്ത്യഷ്ടകം

18) ശ്രീമൃത്യുഞ്ജയമാനസികപൂജാസ്തോത്രം

19) ശിവനാമാവല്യഷ്ടകം

20) ശിവപഞ്ചാക്ഷരസ്തോത്രം

21) ശ്രീകാശിവിശ്വനാഥസ്തോത്രം

22) ശിവമാനസപൂജാസ്തോത്രം

23) ശിവാഷ്ടകം




24) ഉമാമഹേശ്വരസ്തോത്രം

25) ശിവപഞ്ചാക്ഷരനക്ഷത്രമാലാസ്തോത്രം

26) ദ്വാദശലിംഗസ്തോത്രം

27) അർദ്ധനാരീശ്വരസ്തോത്രം

28) ദക്ഷിണാമൂർത്തിസ്തോത്രം

29) കാലഭൈരവാഷ്ടകം

**ദേവീസ്തോത്രങ്ങൾ :**

30) ശ്രീചണ്ഡീപ്രാതഃസ്മരണസ്തോത്രം*

31) സൗന്ദര്യലഹരി

32) ദേവീഭുജംഗസ്തോത്രം

33) ആനന്ദലഹരി

34) ത്രിപുരസുന്ദരീവേദപാദസ്തോത്രം

35) ത്രിപുരസുന്ദരീമാനസപൂജാസ്തോത്രം

36) ദേവീചതുഃഷഷ്ട്യുപചാരപൂജാസ്തോത്രം

37) ത്രിപുരസുന്ദര്യഷ്ടകം

38) ലളിതാപഞ്ചരത്നം

39) കല്യാണവൃഷ്ടിസ്തവം

40) നവരത്നമാലിക

41) മന്ത്രമാതൃകാപുഷ്പമാലാസ്തവം

42) ഗൗരീദശകം

43) ഭവാനീഭുജംഗം

44) അംബാപഞ്ചരത്നസ്തോത്രം

45) അംബാഷ്ടകം

46) അന്നപൂർണാസ്തോത്രം

47) അന്നപൂർണാകവചം

48) ശ്രീഭവാന്യഷ്ടകം

49) കല്പശാഖിസ്തോത്രം

50) ശ്രീവാഗീശിസ്തവം

51) ആര്യാനവകം

52) ദേവ്യപരാധക്ഷമാപണസ്തോത്രം

53) ഭ്രമരാംബാഷ്ടകം

54) ശാരദാഭുജംഗപ്രയാതാഷ്ടകം

55) കനകധാരാസ്തോത്രം

56) അന്നപൂർണാഷ്ടകം

57) മീനാക്ഷീപഞ്ചരത്നം

58) മീനാക്ഷീസ്തോത്രം

59) ഗായത്ര്യഷ്ടകം

**വൈഷ്ണവസ്തോത്രങ്ങൾ :**

60) ശ്രീവിഷ്ണുപ്രാതഃസ്മരണസ്തോത്രം*

61) ഷട്പദിസ്തോത്രം

62) ശ്രീനാരായണാƒഷ്ടാദശകം

63) ശ്രീവിഷ്ണുഭുജംഗപ്രയാതസ്തോത്രം

64) വിഷ്ണുപാദാദികേശാന്തസ്തോത്രം

65) ലക്ഷ്മീനൃസിംഹപഞ്ചരത്നം

66) ലക്ഷ്മീനൃസിംഹകരുണാരസസ്തോത്രം

67) ശ്രീരാമപ്രാതഃസ്മരണസ്തോത്രം*

68) ശ്രീരാമഭുജംഗപ്രയാതസ്തോത്രം

69) പാണ്ഡുരംഗാഷ്ടകം

70) അച്യുതാഷ്ടകം

71) ശ്രീമദച്യുതാഷ്ടകം (അച്യുതാഷ്ടകസ്തോത്രം)

72) കൃഷ്ണാഷ്ടകം

73) ജഗന്നാഥാഷ്ടകം




74) ഹരിസ്തുതി
75) ഗോവിന്ദാഷ്ടകം
76) ഭഗവന്മാനസപൂജാസ്തോത്രം
77) മോഹമുദ്ഗരം

**മറ്റുദേവതാസ്തോത്രങ്ങൾ :**

78) ഹനുമത്പഞ്ചരത്നം
79) ധർമ്മശാസ്ത്യകേശാദിപാദവർണനാ സ്തോത്രം

**നദീസ്തോത്രങ്ങൾ :**

80) നർമദാഷ്ടകം
81) യമുനാഷ്ടകം (1)
82) യമുനാഷ്ടകം (2)
83) ഗംഗാഷ്ടകം
84) ഗംഗാസ്തോത്രം
85) ത്രിവേണീസ്തോത്രം

**സ്ഥലമാഹാത്മ്യസ്തോത്രങ്ങൾ :**

86) മണികർണികാഷ്ടകം
87) ശ്രീവിശ്വനാഥനഗരീസ്തോത്രം
88) കാശീപഞ്ചകം

**മറ്റുസ്തോത്രങ്ങൾ :**

89) നിർഗുണമാനസപൂജാ
90) മാതൃപഞ്ചകം
91) പ്രാതഃസ്മരണസ്തോത്രം


* ഈ ലഘുപരിചയത്തിന്റെ ആദ്യപതിപ്പിനുശേഷം കണ്ടുകിട്ടിയവ.

## അഭ്യർത്ഥന

1. ഈ ലഘുപുസ്തകം പ്രസിദ്ധീകരിക്കുന്നതുവരെ ലഭ്യമായ കൃതികളാണ് പ്രാഥമിക പരിശോധനയ്ക്കു ശേഷം ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഉൾപ്പെടാത്ത കൃതികളെക്കുറിച്ച് അറിവുള്ളവർ ആ വിവരം ആർഷവിദ്യാപ്രതിഷ്ഠാനത്തെ അറിയിക്കുമല്ലോ.

2. 'ശ്രീശങ്കരസാരസ്വതസർവസ്വ'ത്തെ തുടർന്ന് ശ്രീശങ്കര പരമ്പരയിലെ എല്ലാ ആചാര്യന്മാരുടെയും കൃതികൾ ആർഷവിദ്യാപ്രതിഷ്ഠാനം ശേഖരിച്ചുകൊണ്ടിരിക്കുന്നു. അതിലേയ്ക്കും ലഭ്യമായ വിവരങ്ങൾ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

ശ്രീശങ്കരഭഗവത്പാദസേവയിൽ,

സംയോജകൻ

**യൈരിമേ ഗുരുഭിഃ പൂർവം പദവാക്യപ്രമാണതഃ**
**വ്യാഖ്യാതാഃ സർവവേദാന്താഃ താൻ നിത്യം പ്രണതോഽസ്മ്യഹം**

- (തൈ.ഭാ.ഉപോദ്ഘാതേ)

ഏതെല്ലാം ഗുരുക്കന്മാർ ഈ വേദാന്തങ്ങളെ പദവാക്യപ്രമാണങ്ങളാൽ
മുമ്പ് വ്യാഖ്യാനിച്ചുവോ അവരെ നാമെന്നും പ്രണമിക്കുന്നു.

"ഈ ലോകത്തിൽ പർവ്വതങ്ങളുടെ ചക്രവർത്തി ഹിമവാനാണെങ്കിൽ പണ്ഡിതന്മാരുടെ ചക്രവർത്തി ശങ്കരഭഗവത്പാദരാകുന്നു. തങ്ങളുടെ ആവിർഭാവത്താൽ ഉത്തരസീമയെ അലങ്കരിക്കുന്ന ആ മഹാചലവും ദക്ഷിണസീമയെ അലങ്കരിച്ച ഈ മഹാപുരുഷനും ഭാരതഭൂമിയുടെ രണ്ട് അഭിമാനസ്തംഭങ്ങളാണ്. ശങ്കരാചാര്യരെപ്പോലയുള്ള ഒരു സർവതന്ത്രസ്വതന്ത്രന്റെ–പദവാക്യപ്രമാണപാരീണന്റെ–പരമതത്വപ്രവക്താവിന്റെ–ജനനിയായിത്തീരുവാനുള്ള യോഗം നമ്മുടെ ജന്മഭൂമിയായ കേരളത്തിനാണല്ലോ സിദ്ധിച്ചത്! ആ സ്മരണ നമ്മുടെ ഹൃദയത്തെ വികസിപ്പിക്കും; ശിരസ്സിനെ ഉന്നമിപ്പിക്കും; ശരീരത്തെ കോൾമയിർക്കൊള്ളിക്കും; കണ്ണുകളിൽ ആനന്ദബാഷ്പം നിറയ്ക്കും; നമ്മെ അഭിജാതന്മാരും ആത്മവീര്യവാന്മാരുമാക്കും. ആ മഹാത്മാവിന്റെ കനിഷ്ഠസഹോദരത്വം ഒന്നുകൊണ്ടു തന്നെ നാം എന്നും, എവിടെയും, ഏതുപരിതഃസ്ഥിതിയിലും ധന്യന്മാരാണ്. വെറുതെയല്ല അദ്ദേഹത്തെ സർവജ്ഞനായ ശങ്കരഭഗവാന്റെ അവതാരമെന്നു ലോകം ഐകകണ്ഠ്യേന പുകഴ്ത്തുന്നത്. ശങ്കരൻ ധർമ്മസംസ്ഥാപനത്തിനുവേണ്ടി അവതരിക്കുകയാണെങ്കിൽ അത് ഈ ആകൃതിയിൽ, ഈ പ്രകൃതിയിൽത്തന്നെ ആയിരിക്കുമെന്നുള്ളതിന് സംശയമില്ല.

– **ഉള്ളൂർ എസ്. പരമേശ്വരയ്യർ**

(കേരളസാഹിത്യചരിത്രം 1)





# ശ്രീശങ്കര സാരസ്വത സർവസ്വം

## വ്യാഖ്യാനസഹിതം

### ശങ്കര ദേശിക മേ ശരണം

ആർഷവിദ്യാപ്രതിഷ്ഠാനത്തിന്റെ ശ്രമഫലമായി ആചാര്യശ്രേഷ്ഠരുടെ സഹായത്തോടെ ശ്രീശങ്കരഭഗവത്പാദകൃതികൾ സമ്പൂർണ്ണമായും കണ്ടെടുത്ത് ലോകഭാഷകളിലാദ്യമായി മലയാളത്തിൽ വ്യാഖ്യാനത്തോടെ പ്രസിദ്ധപ്പെടുത്തുന്നു...

ഹിമാലയത്തിലെ ഉത്തരകാശി ആദിശങ്കരബ്രഹ്മവിദ്യാപീഠം ആചാര്യൻ സ്വാമി ഹരിബ്രഹ്മേന്ദ്രാനന്ദയുടെ മുഖ്യമാർഗനിർദ്ദേശത്തിൽ അറുപതിൽപരം ആചാര്യശ്രേഷ്ഠരുടെ കൂട്ടായപ്രയത്നം...

പ്രസ്ഥാനത്രയഭാഷ്യം, മറ്റുപനിഷദ്ഭാഷ്യങ്ങൾ, ലഘുഭാഷ്യങ്ങൾ, ഭാഷ്യവിവരണം, ടീക, വേദാന്ത സ്തോത്രങ്ങൾ - പ്രകരണ പ്രബന്ധങ്ങൾ, ഉപദേശരചനകൾ, തന്ത്ര - മന്ത്രശാസ്ത്ര കൃതികൾ, അനുശാസന രചനകൾ, സ്തോത്രകൃതികൾ...

ലഭ്യമായ ശങ്കരദിഗ്വിജയങ്ങളെ ആധാരമാക്കിയുള്ള സമഗ്രമായ ജീവചരിത്രപഠനം...

പതിനാറായിരത്തിലധികം പേജുകളിലായി പതിനെട്ടു വാല്യങ്ങൾ...

നാലുഘട്ടങ്ങളായി പ്രകാശനം...

**മാതേവ നോ രക്ഷതി ശാങ്കരഭാഷ്യശക്തിഃ**

*(ഒരമ്മയെന്നപോലെ ശാങ്കരഭാഷ്യശക്തി നമ്മെ രക്ഷിക്കും)*


आर्षविद्याप्रतिष्ठानम्

ആർഷവിദ്യാപ്രതിഷ്ഠാനം

രാമേശ്വരം, നെയ്യാറ്റിൻകര, അമരവിള പി.ഒ.

തിരുവനന്തപുരം 695122, കേരളം

BSNL 9447097407 idea 9747931007 vodafone 9645251307 airtel 9895744844

ajayakumaravp@gmail.com, www.arshavidya.info